# വിഷയവിവരം.

ഗ്രാമീണവിദ്യാഭ്യാസം.

— റാവുസാഹിബ് ഐ. എൻ. മേനോൻ.
എം. എ. (ഓക്സൺ), ബി. ലിററ്.

എന്റെ ക്ഷേത്രപ്രവേശനം.

— സാഹിത്യശിരോമണി, പി. കെ. ഗോവിന്ദപ്പിള്ള ശാസ്ത്രി.

എന്റെ ജനസമ്മതി.

— ജവഹർലാൽ നെഹ്റു.

ഓമന.

— ബാലാമണിയമ്മ.

അദൃശ്യപ്രണയം.

— കെ. വി. പിള്ള.

ഫെർ ഹിററലർ.

— ഉദയശങ്കർ.

31 JAN 1937

# കൈരളി


| | | |
|---|---|---|
| പുസ്തകം ൨൧. | ൧൧൧൨ ധനു | ലക്കം ൯. |


## ഗ്രാമീണവിദ്യാഭ്യാസം.

—റാവുസാഹിബ് ഐ. എൻ. മേനോൻ,

എം. എ. (ഓക്സൺ), ബി. ലിററ്.

"നവാശയങ്ങൾ, അവിശ്വാസത്തിൽ ആരംഭിച്ചു അന്ധവിശ്വാസത്തിൽചെന്നു അവസാനിക്കുകയാണു പതിവ്."

(ഹക്സ്‌ലി)

ഒരു ജനതയുടെ പൂർവ്വാചാരങ്ങൾ, പ്രതിഭാവൈഭവങ്ങൾ, വീക്ഷണഗതി എന്നിവക്ക് അതിന്റെ വിദ്യാഭ്യാസലക്ഷ്യത്തെയും ഘടനയേയും രൂപവൽക്കരിക്കുന്നതിൽ അല്പേതരമായ ഒരു സ്ഥാനമുണ്ട്. വിവിധരാജ്യങ്ങളിലും വിഭിന്നരീതികളിൽ വർത്തിക്കുന്ന വിദ്യാഭ്യാസസമ്പ്രദായം ഇതിന്നു ഒന്നാംതരം തെളിവാകുന്നു. ഒരു രാഷ്ട്രത്തിന്റെ പ്രതിഭ അതിന്റെ മറേറതു സ്ഥാപനങ്ങളേക്കാളുമധികം അതിന്റെ വിദ്യാഭ്യാസപദ്ധതിക്കാണു നിറം കൊടുക്കുന്നതു്. മൊത്തത്തിൽ പറയുകയാണെങ്കിൽ, മററു സാമൂഹ്യസാദ്ധ്യതകളിലെന്നപോലെ, നമ്മുടെ വിദ്യാഭ്യാസത്തിലും അവസാനം ലബ്ധമാകുന്ന ഫലം നമ്മുടെ അർഹതയ്ക്കും ആശാപരിധിയ്ക്കും അനുസൃതമായതാവും. ഗ്രാമീണവിദ്യാഭ്യാസത്തെ സംബന്ധിച്ചേടത്തോളം ഇതു പ്രത്യേകിച്ചും വാസ്തവമാണ്. എന്തുകൊണ്ടെന്നാൽ, പരിതഃസ്ഥിതികൾ, ആചാരങ്ങൾ, തൊഴിലുകൾ എന്നിവയുടെ സ്വാധീനശക്തികൾക്കു പ്രത്യേകിച്ചും വിധേയമാണു ഗ്രാമീണജീവിതം.

കുറച്ചു കാലമായി ഇന്ത്യയിലെ ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായം പലവിധത്തിലും വിമർശിക്കപ്പെട്ടുന്നുണ്ടു്. വിദ്യാൎത്ഥികളെ സാമുദായികമായി ഉപയോഗപ്രദവും പ്രതിഫലപ്രദവുമായ യാതൊരു സേവനത്തിന്നും അതു പര്യാപ്തരാക്കുന്നില്ലെന്നുള്ളതാണു് എല്ലാ വിമർശകന്മാരുടേയും പൊതുവേയുള്ള ആക്ഷേപം. അതിന്റെ മൂലകൎത്താവു ആശിച്ചിരുന്നതുപോലെത്തന്നെ ഗുമസ്ഥന്മാരെ വാൎത്തുവിടലാണു് ഇപ്പോഴത്തെ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യമെന്നു പറയപ്പെടുന്നു. നവീനയിന്ത്യയുടെ സകല വിദ്യാഭ്യാസാഭിവൃദ്ധിയുടേയും അടിസ്ഥാനമായ മെക്കാളെ പ്രഭുവിന്റെ സുപ്രസിദ്ധ പദ്ധതി പുറത്തുവന്നതു ക്രി. അ. 1836-ലാണു്. അന്നു നിർദ്ദേശിച്ച ആധുനികവിദ്യാഭ്യാസപദ്ധതി നടപ്പിലായിട്ടു് ഇന്നേക്കു നൂറു വത്സരങ്ങൾ തികയും. 1837-ലാണു അന്നത്തെ ബ്രിട്ടീഷ് റെസിഡണ്ടായ കൊളണൽ ഫ്രേസറിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ കൊച്ചിരാജ്യത്തിലെ ഒന്നാമത്തെ ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിതമായതു്. ആധുനികവിദ്യാഭ്യാസത്തിന്റെ ശതവത്സരാഘോഷം നാം കുറച്ചുമാസങ്ങൾക്കുള്ളിൽ ആഘോഷിക്കുന്നതായിരിക്കും. ഈ ഒരു നൂറുകൊല്ലക്കാലത്തെ ഇന്ത്യാചരിത്രം പരിശോധിക്കുന്നതാണെങ്കിൽ, ഏററവും നിസ്സാരമായ ചില വ്യതിചലനങ്ങൾ മാത്രം സംഭവിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ഒന്നാണു നമ്മുടെ വിദ്യാഭ്യാസപദ്ധതിയെന്നു കാണാവുന്നതാണു്. കഴിഞ്ഞ നൂററാണ്ടിന്റെ മദ്ധ്യദശയിൽ ഇന്ത്യാഭരണം ബ്രിട്ടിഷുഗവൎമ്മേണ്ടു കയ്യേററു നേരിട്ടു നടത്തുവാൻ തുടങ്ങിയപ്പോൾ നാട്ടിൽ സാമുദായികവും രാഷ്ട്രീയവുമായ വലിയ മാററങ്ങൾ വരുത്തിയെങ്കിലും അതൊന്നും ഇവിടത്തെ വിദ്യാഭ്യാസസമ്പ്രദായത്തെ സ്പർശിക്കപോലും ഉണ്ടായിട്ടില്ല. ഇന്ത്യയുടെ രാഷ്ട്രീയാഭിവൃദ്ധിയിൽ ഒരു നവയുഗത്തെ ഉൽഘാടനം ചെയ്ത മിൻേറാ മോർലി പരിഷ്കാരവ്യവസ്ഥകളും ഇന്ത്യൻ വിദ്യാഭ്യാസസമ്പ്രദായത്തെക്കുറിച്ചു കേവലം മൌനമവലംബിക്കയാണുണ്ടായതു്. 1920-ലെ പരിഷ്കാരവ്യവസ്ഥകൾ പ്രാദേശികഗവൎമ്മേണ്ടിന്റെ ഭരണകൂടത്തിൽ അഗാധങ്ങളായ പരിഷ്കാരങ്ങൾ വരുത്തി; എന്നാൽ വിദ്യാഭ്യാസത്തെ സംബന്ധിച്ചേടത്തോളം, അതൊരു ഇന്ത്യൻ മന്ത്രിയുടെ ഭരണാധികാരത്തിൻകീഴിലാക്കിയെന്നല്ലാതെ യാതൊരു പരിഷ്കാരത്തിന്നും മുതിൎന്നിട്ടേയില്ല.

പുതിയ ഗവൎമ്മേണ്ടു് ഓഫ് ഇന്ത്യാ ആക്ററിന്റെ ആവിഷ്കരണത്തോടുകൂടി വന്നു ചേരുന്നതായ ഗൌരവങ്ങളും ദീൎഘവ്യാപ്തിക്കു ശക്ത

ങ്ങളുമായ രാഷ്ട്രീയവ്യതിയാനങ്ങളെയാണ നാം അടുത്തു അഭിമുഖീകരിക്കുവാൻ പോവുന്നതു്. നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ പരിപൂൎണ്ണങ്ങളായ ചില ഭേദഗതികൾ വരുത്താതെ പാൎല്ലിമെണ്ടിൻെറ ഭരണമോ, ജനാധിപത്യഭരണമൊ തികച്ചും വിജയത്തിൽ കൊണ്ടുവരുവാൻ സാധിക്കുമോ എന്നതിനെക്കുറിച്ചു നാം സഗൌരവം ആലോചിക്കേണ്ട സമയമായിരിക്കുന്നു. നമ്മുടെ നാട്ടിൽ രാഷ്ട്രീയവും സാമ്പത്തികവുമായി വന്നുകൊണ്ടിരിക്കുന്ന മാററങ്ങളെ ശ്രദ്ധയിൽ വെച്ചുകൊണ്ടു്, ഈ വിദ്യാഭ്യാസസമ്പ്രദായത്തിൽ വരുത്തേണ്ട പരിഷ്കാരത്തെക്കുറിച്ചു സാഡ്ലർ കമ്മിഷനും ഹാർടോഗ് കമ്മിററിയും സാമാന്യമായ വിധത്തിൽ പരിചിന്തനം ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത നിൎവ്വിവാദമാണ്. എന്നാൽ ഈ അന്വേഷണങ്ങൾ 'കൃഷിക്കാരനെ' അവഗണിച്ചു 'വോട്ടവകാശി'യെ ഉദ്ദേശിച്ചല്ലെ നടത്തിയതെന്നു ഞാൻ സംശയിക്കുന്നു. അവസരോചിതമായി കൃഷിയെക്കുറിച്ച് അന്വേഷണം നടത്തുവാൻ നിയോഗിക്കപ്പെട്ട റോയൽ കമ്മിഷൻെറ ശുപാൎശകളും, ഗ്രാമീണവിദ്യാഭ്യാസത്തെ സംബന്ധിച്ചെടത്തോളം അപൂൎണ്ണങ്ങളാണ്. ചുരുക്കിപ്പറയാം: ഗ്രാമീണഭാരതത്തിൻെറ വിദ്യാഭ്യാസപ്രശ്നങ്ങളെക്കുറിച്ചു ഒരു പൎയ്യാലോചന അത്യാവശ്യമായിരിക്കുന്നു. ഇക്കഴിഞ്ഞ നൂറുകൊല്ലങ്ങളായി നമ്മുടെ നാട്ടിൽ സംഭവിച്ചിട്ടുള്ള പരിവൎത്തനങ്ങൾ നമ്മുടെ നാഗരികജനതയെയാണ് പ്രധാനമായി ബാധിച്ചിട്ടുള്ളതു്.—അവരുടെ താല്പൎയ്യങ്ങൾ, ഘടന, ജീവിതരീതി, എല്ലാത്തിനേയും. നഗരങ്ങൾ വലിപ്പത്തിലും, സമ്പത്തിലും അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്; നഗരജീവിതത്തിലെ സൌകൎയ്യങ്ങൾ വൎദ്ധിച്ചിട്ടുണ്ടു്; മുൻസിപ്പൽ ഭരണം സുസ്ഥാപിതമായിട്ടുണ്ടു്; അസംഖ്യം സൎവ്വകലാലയങ്ങളും ശീഘ്രഗതിയിൽ ഉണ്ടായിത്തീൎന്നിട്ടുണ്ടു്. എന്നാൽ 'ചലനഹീനമായ പൌരസ്ത്യാദൎശം' ഇപ്പോഴും ചലനഹീനംതന്നെയൊ എന്നറിയുവാനായി നാം നമ്മുടെ ശ്രദ്ധാസരണിയെ നമ്മുടെ നാട്ടിൻപുറത്തേക്കു ഒന്നു തിരിച്ചു വിടുകയാണെങ്കിൽ, നാട്ടിലൊട്ടാകെ വലിയ വലിയ പരിഷ്കാരങ്ങൾ വന്നുചേൎന്നിട്ടുള്ള ഈ നൂററാണ്ടിൽ ഗ്രാമീണ ഇന്ത്യ കേവലം ഉറങ്ങിക്കിടക്കുകയായിരുന്നു എന്നു കാണാം. നാട്ടിൻപുറങ്ങളിൽ ഗതാഗതസൌകൎയ്യങ്ങൾ വൎദ്ധിച്ചിട്ടുണ്ടു്; ഗ്രാമീണവിദ്യാലയങ്ങൾ തുറക്കപ്പെട്ടിട്ടുണ്ടു്; ചികിത്സാമന്ദിരങ്ങൾ, പഞ്ചായത്തുകൾ, പരസ്പരസഹായസംഘങ്ങൾ സ്ഥാപിതങ്ങളായിട്ടുണ്ടു്; കാൎഷികാഭിവൃദ്ധിക്കുള്ള ചില ചില്ലറ സംരംഭങ്ങളും സമാരംഭിച്ചിട്ടുണ്ടു്. ഇതെല്ലാം യഥാൎത്ഥംതന്നെ. എന്നാൽ പുറത്തുനിന്നു

കുത്തിവെച്ച ഈ പരിഷ്കാരങ്ങൾ ഗ്രാമീണകൎഷകൻേറയും തൊഴിലാളിയുടേയും ജീവിതരീതിയേയോ ഭാഗധേയത്തേയോ സ്പൎശിക്കുകപോലും ചെയ്യിട്ടില്ല. ഗ്രാമീണലോകത്തിൻെറ ഈ ഉദാസീനതക്കു--നഗരമദ്ധ്യത്തിലെ പരിവൎത്തനങ്ങളോടു മാത്രമല്ല, ഗ്രാമീണോദ്ധാരണത്തിനുവേണ്ടിതന്നെ ആസൂത്രണം ചെയ്യിട്ടുള്ള പരിഷ്കാരങ്ങളോടും മററഭിവൃദ്ധിമാൎഗ്ഗങ്ങളോളം ഉള്ള ഈ വിമുഖതക്കു--മുഖ്യകാരണങ്ങളിലൊന്നു ഗ്രാമീണവിദ്യാഭ്യാസത്തിൽ കാണിച്ചിട്ടുള്ള അശ്രദ്ധയാണ്. വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ട് പലപ്പോഴും നഗരജനതയുടെ താല്പൎയ്യങ്ങളെ മുൻനിൎത്തി പാഠക്രമഘടനകളിൽ പല മാററങ്ങളും വരുത്തിയിട്ടുണ്ട്; ഈ മാററങ്ങളെക്കുറിച്ചുള്ള ഔദ്യോഗികനിർദ്ദേശങ്ങൾ നാട്ടിൻപുറങ്ങളിലേക്കും അയക്കുകയുണ്ടായി. എന്നാൽ ഈ മാററങ്ങളെക്കൊണ്ടു തങ്ങൾക്കു എന്തു ഗുണമാണ് ഉണ്ടാകുകയെന്നു ഗ്രാമീണൎക്കു മനസ്സിലാകുന്നില്ല. ഈ അടുത്തകാലംവരെ ഗ്രാമീണവിദ്യാഭ്യാസം ഭരണമേധാവികളുടെ ശ്രദ്ധക്കുതെല്ലും വിഷയമായിട്ടുണ്ടോ എന്നു സംശയമാണ്. നമ്മുടെ ഗ്രാമീണവിദ്യാലയങ്ങളെല്ലാം പരിപൂൎണ്ണമായി പരിഷ്കരിക്കേണ്ട ആവശ്യം അത്യാസന്നമായിരിക്കുന്നു. അങ്ങിനെ ചെയ്യാതെ സാമാന്യജനങ്ങളുടെ ജീവിതരീതിയിലും രാഷ്ട്രീയാഭിവൃദ്ധിയിലും ആശാസ്യമായ ഒരു പുരോഗതി ഉണ്ടാവുക അസംഭവ്യമത്രെ. ഗവൎമ്മേണ്ടിൽനിന്നു ഗ്രാമങ്ങളേയും അവയുടെ കാൎയ്യങ്ങളേയും കുറിച്ചു കൂടുതൽ ശ്രദ്ധയും, ആനുകൂല്യവും പ്രദൎശിപ്പിച്ചുവരുന്ന കൊച്ചിരാജ്യത്തും ഈ ആവശ്യകത ഏറെക്കുറെ ശരിതന്നെയാണ്.

വ്യവസായസമൃദ്ധങ്ങളും ജനബാഹുല്യങ്ങളുമായ മഹാനഗരങ്ങളുള്ള ചില നാട്ടുരാജ്യങ്ങളിലും ബ്രിട്ടീഷ് സംസ്ഥാനങ്ങളിലുമെന്നപോലെ നാടും നഗരവും തമ്മിൽ അത്രവലിയ വ്യത്യാസം നമ്മുടെ കൊച്ചിരാജ്യത്തില്ല. സ്വതവെ നാട്ടിൻപുറവും നഗരവും തമ്മിൽ ഇത്രവളരെ വ്യത്യാസമുണ്ടാകുവാൻ കാരണം, ഗ്രാമീണർ കൃഷിമുതലായതൊഴിലുകളിൽതന്നെ ബദ്ധശ്രദ്ധരായിരിക്കെ, നിൎമ്മാണശാലകളും വ്യവസായകേന്ദ്രങ്ങളും മുഴവൻ നഗരങ്ങളിലായിരിക്കുന്നതു കൊണ്ടത്രെ. പക്ഷെ നമ്മുടെ നാട്ടിൽ വലിയ വലിയ നിൎമ്മാണശാലകൾ വളരെ ചുരുക്കമാണി. അതുകൊണ്ട് ഇവിടെ നഗരവാസികളുടേയും ഗ്രാമീണരുടേയും താല്പൎയ്യങ്ങൾ തമ്മിൽ അത്ര വലിയ അന്തരമില്ല. അഥവാ വല്ല അന്തരവുമുണ്ടെങ്കിൽ, അതു ഭവനനിൎമ്മാണം, ആരോഗ്യസംരക്ഷണം എന്നിവയെക്കുറിച്ചല്ലാതെ, വിദ്യാഭ്യാസത്തെ കുറിച്ചല്ല. എങ്കിലും,

നാട്ടിൻപുറത്തുതന്നെ ജനിച്ചു — ഗുണത്തിനാവട്ടെ ദോഷത്തിനാവട്ടെ — അവിടംതന്നെ തന്റെ ജീവിതരംഗമായി സ്വീകരിച്ചു വരുന്നവന്റേയും നഗരവാസിയുടേയും തമ്മിൽ മനസ്ഥിതിക്കും ജീവിതത്തെക്കുറിച്ചുള്ള ഭാവനക്കും അല്പം വ്യത്യാസമുള്ളതായി തോന്നുന്നു. നഗരത്തിന്റേയും നാട്ടിൻപുറത്തിന്റേയും താല്പര്യങ്ങൾ തമ്മിൽ അത്ര സുനിശ്ചിതങ്ങളായ വിഭജനങ്ങൾ ഇല്ലാതിരുന്നേടത്തോളംകാലം രണ്ടു ദിക്കിലെ കുട്ടികൾക്കും ഒരേതരത്തിലുള്ള വിദ്യാഭ്യാസമാണു കൊടുത്തു വന്നിട്ടുള്ളത്. നമുക്കാലോചിക്കേണ്ടതു് ഇരുകൂട്ടരുടേയും വിദ്യാഭ്യാസഘടനയിൽ മനഃപ്പൂർവ്വമായ വല്ല വ്യത്യാസവും വരുത്തിയിട്ടുണ്ടോ എന്നുള്ളതല്ല. ഇപ്പോൾ വിതരണം ചെയ്തുവരുന്ന വിദ്യാഭ്യാസം സകലവിധത്തിലും ഗ്രാമീണരായ ഈ ജനങ്ങളുടെ ആവശ്യങ്ങളെ നിവർത്തിക്കുന്നുണ്ടോ എന്നുള്ളതാണ്. നമ്മുടെ നാടിനെ സംബന്ധിച്ചേടത്തോളം ഗ്രാമീണവിദ്യാഭ്യാസത്തെക്കുറിച്ചുള്ള പ്രശ്നങ്ങൾ മിക്കവാറും വിദ്യാഭ്യാസത്തെക്കുറിച്ചു പൊതുവേയുള്ള പ്രശ്നങ്ങൾതന്നെയാണ്. യഥാർത്ഥസ്ഥിതി ഇതാണെന്നു വഴിയെ ഞാൻ കൂടുതൽ വ്യക്തമാക്കാം.

പട്ടണപ്രാന്തങ്ങളിൽനിന്നു നാടൻപ്രദേശങ്ങളിലേക്കു തിരിക്കുമ്പോൾ കാണാം ഇപ്പോഴത്തെ വിദ്യാഭ്യാസത്തെക്കുറിച്ചു ഇരുകൂട്ടർക്കുമുള്ള അഭിപ്രായവ്യത്യാസം. ഗ്രാമങ്ങളിൽപിന്നെപ്പിന്നെ വിദ്യാഭ്യാസസൌകര്യങ്ങൾക്കു ആവശ്യക്കാരെ കാണുന്നുണ്ട്. നഗരങ്ങളിൽ വേണ്ടത്രവിദ്യാഭ്യാസസൌകര്യങ്ങൾ ഉള്ളതുകൊണ്ടും നാട്ടിൻപുറത്തു ഇല്ലാത്തതുകൊണ്ടുമാണു നാട്ടിൻപുറത്തുനിന്നും ഇത്ര ആവശ്യക്കാരുണ്ടാവുന്നതെന്നുപറഞ്ഞാൽ, ഈ വ്യത്യാസത്തിനു അതു മുഴുവൻ കാരണമായില്ല. വാസ്തവത്തിൽ നഗരവിദ്യാലയങ്ങളിൽ പഠിക്കുന്നവരിൽ വളരെയധികം കുട്ടികളും നാട്ടിൻപുറങ്ങളിൽനിന്നും വരുന്നവരാണ്. ആധുനികവിദ്യാഭ്യാസത്തോടു നഗരത്തിൽ പ്രദർശിപ്പിക്കപ്പെടുന്ന മനോഭാവം ഒരു വിരക്തിയാണ്. എന്നാൽ ഗ്രാമീണരാവട്ടെ, അതിനുവേണ്ടി ചിലവഴിക്കുന്ന പണം പാഴ്ചിലവല്ലെന്നും, അതു് അത്യാവശ്യമെന്നുതന്നെയും, ഇനിയും കരുതിവരുന്നു. നഗരത്തിലെ പിതാവിന്റെ ആ കച്ചവടബുദ്ധി, പ്രയോജനതുലനമനസ്ഥിതി, ഗ്രാമീണ പിതാവിനെ ഇനിയും ബാധിച്ചുകഴിഞ്ഞിട്ടില്ല. കച്ചവടക്കാരൻ തന്റെ മകനെ വിദ്യാഭ്യാസത്തിനായി അയക്കുമ്പോൾ തന്നിർവ്വഹണത്തിനു വേണ്ടിവരുന്ന മുതലിറക്കവും അതിൽനിന്നും അവസാനം ഉണ്ടാകാവുന്നധനസംബന്ധമായ ലാഭത്തേയും താനറിയാതെതന്നെ ഒന്നു തുലനം ചെയ്തു നോക്കുന്നുണ്ടു.

ഒരു കാലത്തു കച്ചവടക്കാരനും നിസ്സംശയം വിദ്യാഭ്യാസത്തിനുവേണ്ടി ധനവ്യയംചെയ്തിരുന്നു. സൎക്കാർ സേവനങ്ങൾക്കു് അഭ്യസ്തവിദ്യർ അത്യാവശ്യമായും വേണ്ടിവരുമെന്നു അന്നു് അയാൾക്കു നല്ല ഉറപ്പുണ്ടായിരുന്നു. എന്നാൽ ക്ഷിപ്രസാദ്ധ്യമായ ഉദ്യോഗലബ്ധി വെറും ഒരു വ്യാമോഹംമാത്രമാണെന്നു അയാൾ ഇന്നു മനസ്സിലാക്കികഴിഞ്ഞു. അതോടുകൂടി വിദ്യാഭ്യാസത്തിനുവേണ്ടി 'മുതലിറക്കു'വാൻ അയാൾക്കിന്നു വളരെ അസ്വാസ്ഥ്യമുണ്ടു്. ഇന്നും അയാൾ തന്റെ ശിശുക്കളെ സ്കൂളിലേക്കു് അയക്കുന്നുണ്ടെങ്കിൽ അതു ചിരപരിചിതമായ ഒരു നടപടി മാററുവാൻ ജന്മനാ ഉള്ള ഒരു മടികൊണ്ടോ, കുഡുംബഭരണവ്യഗ്രകളായ സ്ത്രീജനങ്ങൾക്കു് ഒരു ജോലിയുമില്ലാത്ത ചെറുപ്പക്കാർ വീട്ടിലിരുന്നു തിരക്കുകൂട്ടുന്നതു് ഒരു അസൌകര്യമാണെന്നുള്ളതുകൊണ്ടോ മാത്രമായിരിക്കണം. അല്ലാതെ ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ സമ്മതമുണ്ടായിട്ടോ അതിന്റെ പ്രകൃതിയേയും ഉദ്ദേശത്തേയും കുറിച്ചു ബോദ്ധ്യം ഉണ്ടായിട്ടോ അല്ല. എങ്ങിനെയാണീ സമ്പ്രദായം ഗുണോന്മുഖമാക്കിത്തീൎക്കുകയെന്നു നിശ്ചയിക്കുവാൻ അയാൾ അശക്തനാണെങ്കിലും അതിന്റെ വ്യൎത്ഥതയേയും അധികച്ചിലവിനേയും കുറിച്ചു കഠിനമായി ആക്ഷേപിക്കുവാൻ അയാൾ സദാ സന്നദ്ധനാണു്.

എന്നാൽ ഇതിൽനിന്നും വ്യത്യസ്ഥമാണു ഗ്രാമീണപിതാവിന്റെ മനസ്ഥിതി. തന്റെ മകനു സൎക്കാർ ഉദ്യോഗത്തിന്നുവേണ്ട സൎവ്വ പഠിപ്പും യോഗ്യതയും തികഞ്ഞ സമയത്തു യാതൊരു ഉദ്യോഗങ്ങളിലും ഒഴിവില്ലാത്ത ഇന്നത്തെ സ്ഥിതിയെ അയാളും അപലപിക്കാറുണ്ടു്. എന്നാൽ സന്ദർഭവശാൽ തനിക്കു ലഭിക്കുവാൻ സൌകൎയ്യപ്പെടാഞ്ഞ ഒരു വിദ്യാഭ്യാസത്തിന്റെ സൎവ്വ സൌകൎയ്യങ്ങളും തന്റെ മക്കൾക്കുണ്ടാക്കിക്കൊടുക്കേണ്ടതു തന്റെ കടമയാണെന്നു അയാൾ വിചാരിക്കുന്നു. തൽഫലമായി, നഗരത്തിലെ വിദ്യാലയം—അതിന്റെ എല്ലാ സൌകൎയ്യങ്ങളുണ്ടായിട്ടും—അനുഭാവശൂന്യമായ ഒരു സംശയദൃഷ്ടിയോടുകൂടി വീക്ഷിക്കപ്പെടുമ്പോൾ, ഗ്രാമീണവിദ്യാലയമാവട്ടെ അനല്പമായ ഉത്സാഹത്തിന്റെ കേന്ദ്രമായിരിക്കുകയും, ഭക്ത്യാദരപൂൎവ്വം വീക്ഷിക്കപ്പെടുകയും ചെയ്യുന്നു. നിർബ്ബന്ധ പ്രാഥമിക ബില്ലിനെക്കുറിച്ചു് അന്വേഷണങ്ങൾ നടത്തിയ പ്രത്യേക കമ്മിററിയിലെ അദ്ധ്യക്ഷൻ എന്ന നിലക്കു് എനിക്കിയിടെയുണ്ടായ ചില അനുഭവങ്ങൾ എന്റെ ഈ അഭിപ്രായത്തെ ദൃഢീകരിക്കുവാൻ പര്യാപ്തമായി.

അതുകൊണ്ടു ഭാവിയെക്കുറിച്ചുള്ള നമ്മുടെ ആശ ഗ്രാമോന്മുഖമായി വർത്തിക്കുന്നു. അതിന്നുംപുറമേ ഇന്നു നമ്മുടെ പ്രാഥമിക വിദ്യാലയങ്ങളിൽ പഠിക്കുന്ന 1,22,594 കുട്ടികളിൽ 1,13,207 പേരും ഗ്രാമീണഗൃഹങ്ങളിൽനിന്നും വരുന്നവരാണ്. ഗ്രാമീണപരിസരങ്ങളാൽ ചുററപ്പെട്ട ഗ്രാമീണവിദ്യാലയങ്ങളിലാണ് അവർ അവരുടെ വിദ്യ അഭ്യസിക്കുന്നതു്. ഇതിൽതന്നെ ഒരു വലിയ ഭൂരിപക്ഷം പ്രാഥമിക വിദ്യാഭ്യാസത്തോടുകൂടി തങ്ങളുടെ വിദ്യാഭ്യാസത്തിനു പൂർണ്ണവിരാമമിടുന്നവരാണ്. പിന്നീടു നാടൻതൊഴിലുകളിൽ ഏർപ്പെട്ടു തങ്ങളുടെ ജീവിതം നയിക്കുവാൻ അവർ നിർബ്ബന്ധരാവുന്നു. അങ്ങിനെ പാരമ്പര്യം, വളർച്ച, ഭാവി എന്നിവയിൽ നമ്മുടെ കുട്ടികളിൽ ഭൂരിഭാഗവും നാട്ടിൻപുറത്തുകാരാണ്. അതുകൊണ്ടു്, അവർക്കുതന്നെയോ സമുദായത്തിനോ വല്ല പ്രയോജനവുമുണ്ടാവേണമെന്നു നാം ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവരുടെ വിദ്യാഭ്യാസത്തിൽ നാം പ്രത്യേക ശ്രദ്ധ പതിക്കേണ്ടതാണ്.

"വളർച്ചയുടെ സഹായി" എന്നു വിദ്യാഭ്യാസം നിർവ്വചിക്കപ്പെട്ടിട്ടുള്ളതു ഏററവും വിഹിതമായിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ മനസ്സിരുത്തി നിയന്ത്രിക്കപ്പെടുന്ന ഒരു പദ്ധതിയെന്ന നിലക്ക് വിദ്യാഭ്യാസത്തിൻെറ സാദ്ധ്യതകളേയും പരിധികളേയും ഈ നിർവ്വചനം വ്യക്തമാക്കുന്നു. നാം ഉദ്ദേശിക്കുന്ന വിദ്യാഭ്യാസപദ്ധതി വിജയപ്രദമാവേണമെങ്കിൽ അതിൻെറ ഉത്ഭവത്തേയും ഉദ്ദിഷ്ടസ്ഥാനത്തേയും നാം എപ്പോഴും മനസ്സിരുത്തേണ്ടതുണ്ടു്. നമ്മുടെ നാട്ടിൽ മിക്കപേരും നാട്ടിൻപുറത്തുകാരും കൃഷി മുതലായ ഗ്രാമീണവൃത്തികൾ ചെയ്തു് ഉപജീവിക്കുന്നവരുമാണെന്നു നാം കണ്ടുകഴിഞ്ഞല്ലോ. ഈ സ്ഥിതിക്കു ഇപ്പോൾ നടപ്പിലുള്ള വിദ്യാഭ്യാസത്തെക്കുറിച്ചു ചർച്ചചെയ്യുന്നതിലും ഒരു ഉത്തമതരമായ പദ്ധതിയെ ആസൂത്രണം ചെയ്യുവാനുള്ള നമ്മുടെ പരിശ്രമത്തിലും നാം മുഖ്യമായി ഗണിക്കേണ്ടതു ഗ്രാമീണശിശുവിൻെറ പ്രകൃതി, അവൻെറ പാരമ്പര്യം, കഴിവുകൾ, താല്പര്യങ്ങൾ; അവൻെറ സ്വാഭാവികവും സാമുദായികവുമായ പരിതഃസ്ഥിതികൾ എന്നിവയെയാണ്. ഈ നൂതനപദ്ധതി കാര്യക്ഷമമാവണമെങ്കിൽ അതു ഗ്രാമീണബാലൻെറ സ്വാഭാവികമായ ഉന്നതാശകൾ, അതുകൾ സാധിക്കുവാനുള്ള അവസരങ്ങൾ, ഒരു സമുദായാംഗമെന്ന നിലക്കുള്ള അവൻെറ ഭാഗധേയം എന്നിവയെ പരിഗണിക്കേണ്ടതുണ്ടു്. ഗ്രാമീണബാലനെ ഒരു വ്യക്തി എന്ന നിലക്കും, ഒരു

സമുദായാംഗമെന്ന നിലക്കും അവനു പ്രാപിക്കാവുന്നതെല്ലാം പ്രാപിക്കുവാൻ സഹായിക്കുന്നതും അവൻെറ സാധാരണ താല്പര്യങ്ങളെ സംരക്ഷിക്കുവാൻ സമത്ഥവുമായ ഒന്നായിരിക്കണം ഈ പദ്ധതി.

ഇപ്പോഴുള്ള വിദ്യാഭ്യാസ സൌകര്യങ്ങളെ ഗ്രാമീണ പിതാവു സസന്തോഷം സ്വാഗതം ചെയ്യുന്നുണ്ടെന്നും, കൂടുതൽ സൌകര്യങ്ങൾക്കു വേണ്ടി ഇപ്പോഴും മുറവിളികൂട്ടുകയാണെന്നും ഞാൻ ആദ്യം പ്രസ്താവിക്കുകയുണ്ടായി. ഗ്രാമത്തിലേയും നഗരത്തിലേയും പിതാക്കന്മാർ തമ്മിലുള്ള പ്രഥമഗണ്യമായ വ്യത്യാസം ഇതാണെന്നും ഞാൻ പറയുകയുണ്ടായി. എന്നാൽ നവീന വിദ്യാഭ്യാസം സോത്സാഹം സ്വാഗതം ചെയ്യുന്നുണ്ടെന്നുവെച്ച് ഗ്രാമീണപിതാവു് ഇതിൻെറ ന്യൂനതകൾ തീരെ മനസ്സിലാക്കുന്നേയില്ലെന്നു നാം തെററിദ്ധരിക്കേണ്ടതില്ല. പ്രകൃത്യാ യാഥാസ്ഥിതികനും നിത്യതൃപ്തനുമായ ഗ്രാമീണപിതാവു്, പ്രാഥമികവിദ്യാലയങ്ങളിൽ തങ്ങളുടെ കിടാങ്ങൾക്കു കിട്ടുന്ന വിദ്യാഭ്യാസം അവരുടെ ജീവിതമത്സരങ്ങളിൽ അവരെ സഹായിക്കുവാൻ അപര്യാപ്തമെന്നും, കഴിഞ്ഞ തലമുറയിലെ ജീവിതസമ്പാദനമാർഗ്ഗങ്ങളിലേക്കു് അവരെ സജ്ജമാക്കിയിരുന്ന സെക്കണ്ടറി വിദ്യാഭ്യാസം ഇപ്പോൾ തൊഴിലില്ലാസംഘത്തെ തടിപ്പിക്കുവാനെ ഉപകരിക്കുന്നുള്ളുവെന്നും നല്ലവണ്ണം മനസ്സിലാക്കുന്നുണ്ടു്. ഇന്നത്തെ വിദ്യാഭ്യാസത്തിന്നു തൊഴിൽ ഉണ്ടാക്കിക്കൊടുക്കാനൊ കൊടുക്കാതിരിക്കുവാനൊ ഉള്ള സാദ്ധ്യതകൾക്കു പുറമെ സംസ്കാരികമായ ചില ഗുണങ്ങളും അതുകൊണ്ടു ലഭ്യമാണെന്നു കൃഷകപിതാവു് അറിയുന്നു. തൻെറ പുത്രന്നു, വിദ്യാഭ്യാസാനന്തരം കലപ്പത്തണ്ടു പിടിച്ചുതന്നെ ജീവിതം നയിക്കേണ്ടിവന്നാലും, ആ വിദ്യാഭ്യാസത്തിൻെറ സാംസ്കാരികമായ എല്ലാ ഗുണങ്ങളും അവന്നു ലഭിക്കണമെന്നാണു് അയാൾ വിചാരിക്കുന്നതു്. നാട്ടിൻപുറങ്ങളിൽ സഞ്ചരിച്ചു ഗ്രാമീണരുമായുണ്ടായ അടുത്ത പരിചയത്തിൽനിന്നാണു ഞാനീ പറയുന്നതു്. ഗ്രാമീണഹൃദയത്തിന്നു സ്വാഭാവികമായ യാഥാസ്ഥിതികത്വവും, സംതൃപ്തിയുമായിരിക്കാം ഇതിൻെറ കാരണം. പണ്ടത്തെപ്പോലെത്തന്നെ ആദായകരമല്ലെങ്കിലും തൻെറ തൊഴിൽ മാന്യമുള്ളതെന്നുതന്നെ കൃഷീവലൻ ഇപ്പോഴും വിചാരിക്കുന്നു. അഭ്യസ്തവിദ്യരായ തൻെറ മക്കൾക്കു സക്കാർ സവ്വീസിൽ പ്രവേശം ലഭിച്ചില്ലെങ്കിൽ— നമ്മുടെ നഗരത്തിലേയും നാട്ടിൻപുറത്തെയും അഭ്യസ്തവിദ്യർ ഈ ഒരു പ്രവേശമാർഗ്ഗത്തെ മാത്രമാണു് ഇതുവരെയും തിരഞ്ഞിട്ടുള്ളതെന്നു സന്ദർഭവശാൽ പറഞ്ഞുകൊള്ളട്ടെ— തൻെറ മക്കൾക്കു സക്കാർ സവ്വീസിൽ പ്രവേശം

ലഭിച്ചില്ലെങ്കിൽ അവരെ തന്റെ പൂർവ്വികമായ കൃഷികവൃത്തിയിലേക്കു തന്നെ തിരിച്ചു വരിക്കുവാനും ഗ്രാമീണൻ സന്നദ്ധനാണ്. ഇങ്ങിനെ, ആധുനികവിദ്യാഭ്യാസം തന്റെ മകന്നു ഉദ്യോഗലബ്ധിക്കും ഭാഗ്യാഭിവൃദ്ധിക്കും സഹായിക്കണമെന്നു ഗ്രാമീണപിതാവു വളരെ ആഗ്രഹിക്കുന്നതിന്റെ ഇടയിലും, ഈ വിദ്യാഭ്യാസത്തിന്നു ഭൌതികമാത്രമല്ലാത്ത—സാംസ്കാരികമായ— ചില ഗുണങ്ങൾകൂടിയുണ്ടെന്നു് അല്പാല്പം അറിയുന്നുണ്ട്. അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മയുടെ വർദ്ധന അയാളെ വളരെ ഭയപ്പെടുത്തുന്നില്ല.

നിഷ്പക്ഷമായി വീക്ഷിക്കുമ്പോൾ സൂര്യപ്രകാശംപോലെ അത്ര സുവ്യക്തമായ ഈ വസ്തുത—ഉദ്യോഗലബ്ധിക്കുള്ള ഈ ബുദ്ധിമുട്ട്—പിതാക്കന്മാരുടെ ആശാപുടത്തെ സ്പർശിക്കുന്നേയില്ലെന്നുള്ളതു് വളരെ ആശ്ചര്യകരമായിരിക്കുന്നു. കഴിഞ്ഞ പത്തുകൊല്ലങ്ങളായി കൊച്ചിരാജ്യത്തെ സെക്കണ്ടറിവിദ്യാലയങ്ങൾ നിരവധിയുവാക്കന്മാരേയും യുവതിമാരേയും ഇവിടുത്തെ സിവിൽ സർവ്വീസിന്നു സജ്ജീകരിക്കുന്നുണ്ട്. കൊല്ലംകൊല്ലം പാസ്സായിവരുന്നവരുടെ സംഖ്യ ഉദ്യോഗങ്ങളിലേക്കു വേണ്ടതിലും എത്രയോ അധികമാണെന്നും അടുത്ത വത്സരങ്ങളിൽപോലും അവൎക്കു ഉദ്യോഗം കിട്ടുമെന്നു ആശിക്കുവാൻ യാതൊരു വഴിയുമില്ലെന്നും അവരുടെ സംഖ്യയുടെ വർദ്ധിച്ചുവരുന്ന വലുപ്പം തന്നെ വ്യക്തമാക്കുന്നു. ഇതു വിശദമാക്കുവാൻ വലിയ നിരീക്ഷണ പരീക്ഷണങ്ങളോ യുക്തിയുക്തമായ വാദങ്ങളോ ആവശ്യമില്ല; കണക്കുശാസ്ത്രത്തിലെ പ്രാഥമികതത്വങ്ങൾ തന്നെ ഇതിനെ തെളിയിക്കുന്നുണ്ട്. അദ്ധ്യാപകന്മാർ വ്യക്തിപരമായും, വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിൽ നിന്നു് ഇടക്കിടക്കും ഇതിനെപ്പററി ചെയ്യാറുള്ള ഉൽബോധനങ്ങൾ നിഷ്ഫലങ്ങളായി കണ്ടുവരുന്നു; പ്രതിവത്സരം നമ്മുടെ സ്കൂളുകളും കലാലയങ്ങളും കൂടുതൽ കൂടുതൽ ബാലികാബാലന്മാരെ സ്വാഗതംചെയ്തു സ്വീകരിക്കുന്നു; തൊഴിലില്ലായ്മയിലേക്കു നയിക്കുന്ന ഇമ്മാതിരി വിദ്യാഭ്യാസം ചെറുപ്പക്കാൎക്കു നൽകുവാനായി കടംവാങ്ങിച്ച അനവധി സംഖ്യകൾ അവിടെ ചിലവഴിക്കപ്പെട്ടുംവരുന്നു. ഈ വിദ്യാഭ്യാസം നമ്മുടെ യുവാക്കന്മാൎക്കു തീൎത്തുവെച്ച് ഈ ശോചനീയാവസ്ഥയെക്കുറിച്ചു നാം അത്ഭുതം പ്രകടിപ്പിക്കാറുണ്ട്. അദ്ധ്യേതാക്കന്മാരുടെ രക്ഷകൎത്താക്കന്മാരെല്ലാംകൂടി ഒന്നുചേൎന്നു ഇമ്മാതിരി കാൎയ്യങ്ങളിൽ മുൻകരുതലോടും ജാഗ്രതയോടുംകൂടി പ്രവൎത്തിക്കുമെന്നു ഉദ്ദേശിച്ചുകൂടാ. അതുകൊണ്ടു ഉയൎന്നുവരുന്ന തലമുറക്കുകൂടി ഇമ്മാതിരി ദുരിതം അനുഭവിക്കാതിരിക്കുവാനായി ഗവൎമ്മെണ്ടിൽ

2

നിന്നും ഇതിൽ പ്രവേശിച്ച വിവേകിയായ ഒരു രക്ഷിതാവിൻെറ കൎത്തവ്യത്തെ അനുഷ്ഠിക്കേണ്ടിയിരിക്കുന്നു. സോഷ്യലിസ്ററു തത്വത്തെപ്പററിയല്ല ഞാൻ ഇവിടെ സംസാരിക്കുന്നതു്. തിരെ വിവേകശൂന്യനായ പിതാവിനുപോലും തൻെറ കുട്ടിയുടെ ഭാഗ്യപ്രതീക്ഷയെ തികച്ചും നശിപ്പിക്കുവാൻ സാധിക്കാത്തവിധം ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായത്തെ പരിഷ്കരിക്കുവാനായി എന്തെങ്കിലും ചെയ്യേണ്ടതാണെന്നേ ഞാൻ പറയുന്നുള്ളു. കാലാകാലം 18 ലക്ഷം ഉറുപ്പികയോളം നാമിപ്പോൾ വിദ്യാഭ്യാസത്തിനുവേണ്ടി ചിലവഴിക്കുന്നുണ്ടു്. അതു ഇനിയും വൎദ്ധിക്കുവാനാണു വഴി. നമ്മുടെ നിയമസഭയിലാണെങ്കിൽ നിബ്ബന്ധ പ്രാഥമികവിദ്യാഭ്യാസ ബില്ലും അവതരിപ്പിച്ചിട്ടുണ്ടു്. ഈ സ്ഥിതിക്കു നാം പ്രദൎശിപ്പിക്കുന്ന ഉത്സാഹത്തിനും നാം ചെയ്യുന്ന ധനവിനിമയത്തിനും വല്ല പ്രയോജനവുമുണ്ടോ എന്നു ചിന്തിക്കേണ്ട കാലം അത്യാസന്നമായിരിക്കുന്നു.

“പോക്കിരികളെ മൎയ്യാദക്കാരാക്കുക”യെന്നു വിദ്യാഭ്യാസത്തെക്കുറിച്ചു ബെന്താമിനുണ്ടായിരുന്ന ആദൎശത്തിലും എത്രയോ അധികമാണു് ഇന്നത്തെ നമ്മുടെ വിദ്യാലയങ്ങളിൽനിന്നും പൊതുജനങ്ങൾ പ്രതിക്ഷിക്കുന്നതു്. നമ്മുടെ വിദ്യാലയങ്ങൾ വിദ്യാൎത്ഥികൾക്കു ഉദ്യോഗങ്ങളുമുണ്ടാക്കിക്കൊടുക്കണം—അതും സൎക്കാർ ഉദ്യോഗങ്ങൾതന്നെ വേണമത്രെ! ഗ്രാമീണാദ്ധ്യാപകൻെറ കൎത്തവ്യം വിഷമവും പ്രതിഫലപ്രോത്സാഹനങ്ങൾ വളരെ നിസ്സാരങ്ങളുമാണു്. അദ്ദേഹത്തിൻെറ ആദ്യത്തെ വിഷമം വിദ്യാൎത്ഥികളുടെ ദുൎഭരമായ സംഖ്യയാണു്. നമ്മുടെ ഗ്രാമങ്ങളിലെ മിക്ക പ്രാഥമികവിദ്യാലയങ്ങളും നിറഞ്ഞുവഴിഞ്ഞിട്ടുണ്ടു്. ഓരോ കുട്ടിയും പ്രത്യേകം പ്രത്യേകം ശ്രദ്ധയെ അൎഹിക്കുന്ന അവസരത്തിൽ ഗ്രാമീണാദ്ധ്യാപകനു് ഒരു കുട്ടിയുടെ കാൎയ്യം മാത്രം നോക്കിയാൽ പോരാ, ചുരുങ്ങിയതു് അമ്പതു കുട്ടികളെക്കുറിച്ചു നിഷ്കൎഷിക്കേണ്ടിവരുന്നു. ഇവരിൽ ഭൂരിപക്ഷവും നിരക്ഷരകുക്ഷികളായ മാതാപിതാക്കന്മാരാൽ വളൎത്തപ്പെട്ടുവരുന്നതുകൊണ്ടു് അദ്ധ്യാപകൻ പ്രായേണ നിസ്സഹായനായിത്തീരുന്നു. എത്ര സ്കൂളധികൃതനും ന്യായമെന്നു തോന്നാത്ത കാരണങ്ങൾ പറഞ്ഞു കുട്ടികളെ വെറുതെ വീട്ടിൽ നിറുത്തുന്ന കാരണവന്മാരുണ്ടെന്നു് എൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടു്. കുട്ടികളിൽനിന്നും വളരെ കുറച്ചു മാത്രം പ്രതീക്ഷിക്കുന്ന ഗ്രാമീണരക്ഷിതാവു ഗ്രാമീണാദ്ധ്യാപകനിൽനിന്നും വളരെയധികം പ്രതീക്ഷിക്കുന്നു. ഗുരുനാഥൻ ആവശ്യമായ വിദ്യാഭ്യാസം വിദ്യാൎത്ഥിക്കു ഉരുള ഉരുട്ടിക്കൊടുക്കു

ന്നപോലെ കൊടുക്കണമെന്നു രക്ഷകർത്താക്കന്മാർ ഉദ്ദേശിക്കുന്നുവെന്നു പറഞ്ഞാൽകൂടി അതു തെററാവില്ല. പുസ്തകം തുടങ്ങിയ മററു ഉപകരണങ്ങൾ അപൂൎവ്വമായി മാത്രം സജ്ജീകരിക്കപ്പെടുന്നതിനാൽ അദ്ധ്യാപകന്നു് എഴുത്തുപലകയെത്തന്നെ എപ്പോഴും ആശ്രയിക്കേണ്ടിയിരിക്കുന്നു. അല്പസമയംകൊണ്ടു, കുട്ടികളുടെ പരിശ്രമമൊ രക്ഷിതാക്കന്മാരുടെ ധനവ്യയമൊ കൂടാതെ അജ്ഞന്മാരായ ചെറുബാലരെ വിജ്ഞന്മാരായ യുവാക്കന്മാരാക്കിത്തീൎക്കുവാൻ അദ്ധ്യാപകൻ ഒരു തനി ചെപ്പടിവിദ്യക്കാരൻ തന്നെയായിരിക്കണം. അദ്ധ്യാപകൻെറ വിജയപന്ഥാവിൽ മറെറാരു വിഘാതം കൂടി വിലങ്ങടിച്ചു കിടക്കുന്നുണ്ടു്. നിശ്ചിതങ്ങളായ പാഠ്യവിഷയക്രമത്തെ സന്ദർഭോചിതമായി വ്യത്യാസപ്പെടുത്തി ഉപയോഗിപ്പാനൊ പരിസരങ്ങളേയും കുട്ടികളുടെ പ്രതിഭാവ്യത്യാസത്തേയും അനുസരിച്ചു പാഠക്രമത്തെ നിയന്ത്രിക്കാനൊ അദ്ദേഹത്തിന്നു തെല്ലും സ്വാതന്ത്ര്യമില്ല. ഗ്രാമീണ പ്രാഥമിക വിദ്യാഭ്യാസം വിജയപ്രദമാകണമെങ്കിൽ അദ്ധ്യാപകന്നു കൂടുതൽ അധികാരസ്വാതന്ത്ര്യങ്ങൾ ഉണ്ടായിരിക്കണം. നഗരത്തിലെ വിദ്യാൎത്ഥികൾക്കു സെക്കണ്ടറി വിദ്യാഭ്യാസം ലഭിക്കുക വളരെ എളുപ്പമാകുകകൊണ്ടു പ്രാഥമികവിദ്യാഭ്യാസത്തിലെ ന്യൂനതകൾ തീൎക്കുവാൻ അവൎക്കു കഴിയുന്നു. എന്നാൽ ഗ്രാമീണബാലരിൽ മിക്കപേരുമാവട്ടെ പ്രാഥമിക വിദ്യാഭ്യാസത്തോടുകൂടി തങ്ങളുടെ വിദ്യാഭ്യാസജീവിതത്തെ അവസാനിപ്പിക്കുകയാണു ചെയ്യുന്നതു്. അതുകൊണ്ടു, ഗ്രാമീണാദ്ധ്യാപകന്നു കോഡ് പ്രകാരം ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ള സ്വാതന്ത്ര്യങ്ങളെ വൎദ്ധിപ്പിക്കാത്തപക്ഷം ഈ വിദ്യാഭ്യാസത്തിൻെറ ഫലം അതൃപ്തികരമായിരിക്കാനെ അവകാശമുള്ളൂ.

നാലുകൊല്ലക്കാലത്തെ ഈ പ്രാഥമിക വിദ്യാഭ്യാസം സാമാന്യജനങ്ങളുടെ ഇടയിലുള്ള ഈ നിരക്ഷരത്വത്തിന്നു വേണ്ടുംവിധമായ ഒരു പരിഹാരമായില്ല. ഈ പ്രശ്നത്തെക്കുറിച്ചു ഗാഢമായി ചിന്തിച്ച പ്രത്യേകക്കമ്മിററി ആറോ, ചുരുങ്ങിയതു് അഞ്ചോ കൊല്ലമെങ്കിലും പ്രാഥമിക വിദ്യാഭ്യാസം ന്യായമായും വേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ടു്. എൻെറ അഭിപ്രായത്തിൽ ഇതും പോരാത്തതാണു്. എന്തുകൊണ്ടെന്നാൽ അഞ്ചു മുതൽ പന്ത്രണ്ടുവയസ്സുവരെയുള്ള ആ പ്രായകാലത്താണു കുട്ടികളുടെ ജീവിതം രൂപവൽകൃതമാകുന്നതു്. ഈ പ്രായത്തിൽ അവൎക്കു് ഏററവും ശക്തിയായ ശിക്ഷണം കൊടുക്കണം. രണ്ടാമതു്, കുട്ടികൾക്കു പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞാലും സ്ഥിരമായ

അക്ഷരജ്ഞാനവും സൽസ്വഭാവവുമുണ്ടാകണമെങ്കിൽ അവർ കുറെക്കാലം കൂടി അദ്ധ്യാപകന്മാരുടെ ശ്രദ്ധയിലും വിദ്യാലയത്തിന്റെ അന്തരീക്ഷത്തിലും കഴിച്ചുകൂട്ടണം. അല്ലാതെ പ്രാഥമിക വിദ്യാലയത്തിൽനിന്നു ലഭിക്കുന്ന അഭ്യസനം അപൂർണ്ണവും അചിരസ്ഥായിയുമെന്നു കുററംപറയുന്നതു ന്യായമല്ല. അദ്ധ്യാപകന്റേതെന്നപോലെ അദ്ധ്യേതാവിന്റേയും വിക്ഷണകോണുകളിൽനിന്നു നോക്കുമ്പോൾ, ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം മനുഷ്യപ്രയത്നത്തിന്റെ അക്ഷന്തവ്യമായ ഒരു പാഴ്ചിലവത്രെ!

(തുടരും.)

---

# എന്റെ ക്ഷേത്രപ്രവേശനം.

(സാഹിത്യശിരോമണി, പി. കെ. ഗോവിന്ദപ്പിള്ള ശാസ്ത്രി)

(പാന)

## I

ചെന്നു നിർമ്മല ക്ഷേത്രമേറിടുവാ-
നുന്നതകുലജാതാഭിമാനി ഞാൻ
ഹന്ത ചിത്ര! മാ ദേവനികേതനം
ബന്ധിതതൽകവാടംലസിപ്പിതേ!
നിർദ്ദയം കാമരൂപരാം കിങ്കരർ
നിദ്രിതദ്വാരമശ്ശിവവേശ്മനി
നിന്നിരുന്നു പുരോഗമനം മമ
നിർന്നിമേഷം നിഷേധിച്ചുകൊണ്ടുതാൻ
"വിശ്രുതജാതിവംശജനാണിവൻ
വൈശ്രവണസമാനധനനിവൻ
കേവലമർത്ത്യനെന്നെന്നെയോർക്കയോ?
ദേവഗേഹപ്രവേശാധികാരി ഞാൻ"
ഈ വിധമൊക്കെ യെത്രയുരക്കിലും
ഭാവഭേദമക്കിങ്കരർക്കില്ലഹോ!
"ജാതരൂപമയോപഹാരങ്ങളാം താൻ
ജാതമോദമടിയറ വെയ്ക്കുവാൻ
വന്നിരുപ്പുഞാൻ" എന്നരുളിടിലു-
മൊന്നിനൊന്നവർ തീർന്നിതു ധൃഷ്ടരായ്!

നിർമ്മമനാമകിഞ്ചന ഭല്ലവൻ
തന്മണിയറക്കുള്ളിൽനിന്നും തദാ
സത്വരം കേട്ടതായ തോന്നി ഞാനൊരു
സാപഹാസച്ചിരിതൻ പ്രതിധ്വനി
ഹന്ത! ലജ്ജാവശനായ് ഹതാശനായ്
പിന്തിരിഞ്ഞാശ്രമത്തിൽ നിന്നന്നു ഞാൻ

## II

വീണ്ടുമെത്തിനാടേതിലുമുഴന്നലം
പൂണ്ടു ഞാൻ ചില കാലം കഴിയവേ
മിന്നിടുന്നിതക്കിങ്കരരന്നു, മാ
മന്ദിരം പണ്ടുപോലെതാൻ മുദ്രിതം!
ഓതി മാർഗ്ഗം തടുക്കുമവരൊടായ്
"നീതിവിട്ടു നടക്കായ്ക നിങ്ങളും
അദ്യനിസ്സാരനല്ല ഞാ, നത്ഭുത-
വിദ്യയാലിബ്ഭുവനം വിളക്കുവോൻ
ഉത്തരപൂർവ്വമീമാംസവും പര-
മുത്തമന്ന്യായപാണിനീയങ്ങളും
ആഗമങ്ങളുമപ്പുരാണങ്ങളു-
മാ,ഗഭീരമുപനിഷജ്ജാലവും
അത്ഭുതവിദ്യയൊക്കെപ്പഠിച്ചു ഞാൻ
അപ്രതിരോധ്യനേതിടത്തുമിവൻ"
എന്നുരച്ചു ബലാലകക്കതകിലായ്
ചെന്നുമുട്ടി ഞാൻ— കിങ്കരരാലുടൻ
ദൂരെ നിഷ്കാസിതനായ് പതിച്ചുപോയ്;
തീരെയേവം വിവശനാമെന്നിലായ്
തുള്ളി തുള്ളിയായ് വീണതായ് തോന്നിയ-
ങ്ങുള്ളിൽനിന്നുമനുകമ്പതൻ കണം

ഇത്തവണയും ഹന്ത! ഭഗ്നാശനായ്
ചിത്തതാപക്ഷതാധികദുഃഖിയായ്
കോവിലിൽനിന്നുവാങ്ങിനാൻ ഗർവ്വസം-
ഭാവിതമാമുപഹാരമോടു ഞാൻ!

## III

പിന്നെയും ചിലനാളും കഴിഞ്ഞെത്തി ഞാൻ
മന്ദിരത്തിങ്കൽ വിഹ്വലചിത്തനായ്
കമ്പിതാംഗനായ് നമ്രവദനനായ്
നമ്പി നമ്പിത്തെരുതെരെ ദേവനെ

അംബരംലഘുമൂല്യം — ചെറുതുമാ-
ഡംബരമില്ലഭിമാനവുമില്ല
'വിദ്യയെന്നോർത്തതൊക്കെ, യവിദ്യതൻ-
ഹൃദ്യമോഹനപ്പുഞ്ചിരിക്കൊഞ്ചലാം
ഉച്ചവംശധനാദ്യഭിമാനമാ-
സച്ചിദാനന്ദമാർഗ്ഗസ്ഥകണ്ടകം'
എന്നറിഞ്ഞു ഞാൻ മുന്നോട്ടു മെല്ലവേ
വിന്യസിച്ചു പദങ്ങൾ — നോക്കുംവിധൌ
പാരമത്ഭുതം! കണ്ടതില്ലാക്കുഴും
ക്രൂരകിങ്കരന്മാരെയൊരേടവും
ദ്വാരമധ്യവിടവിലൂടെന്നിലായ്
ചാരൊളിതൂകിദിവ്യദീപവ്രജം!
ഞാനണഞ്ഞില്ല വാതിലിൽ തള്ളുവാൻ
ന്യൂനമന്നുപഴയപോൽ — കാതിനാൻ
"ഏഴയാണിവൻ ദാസരിൽ ദാസനാം
താഴെയില്ലെനിക്കാരും ധരിത്രിയിൽ
വിദ്യയുമില്ല, വംശവുമില്ല, സ-
മ്പത്തുമില്ല, ബന്ധുക്കളുമില്ലമേ
പാവനാംഗ! ഭവാൻ തന്നെ സർവ്വവും
ദേവദേവ! ഭവാൻ തന്നെയാശ്രയം
ഭക്തിനമ്രചിത്താംബുജവും, സംസൃതി-
ദാരദുഃഖജബാഷ്പാർദ്രനേത്രവും,
മാത്രമാണെനിക്കുള്ളോരുപായനം
മംഗളം സ്വീകരിച്ചാലു" മീവിധം
ചൊല്ലിനിഷ്കളങ്കോക്തി — കവാടമ-
ങ്ങുള്ളിൽനിന്നും ഝടിതി തുറന്നിതേ!
ക്ഷേത്രപുണ്യപ്രവേശാധികാരിയായ്
തത്രദിവ്യമഹസ്സിലായേറിഞാൻ.

# എൻെറ ജനസമ്മതി *

(ജവഹർലാൽ നെഹ്റു)

## I

ആ കാലത്തു് ഒരു ഉററസ്നേഹിതൻ ഞങ്ങളുടെ കൂടെ താമസിക്കുന്നുണ്ടായിരുന്നു. അവരുമായി വർത്തമാനം പറയുക എനിക്കു പലപ്പോഴും സാദ്ധ്യമല്ലാതെവന്നു. കാരണം, പുറത്തുവന്നു തടിച്ചു കൂടിയിട്ടുണ്ടായിരുന്ന ജനക്കൂട്ടത്തോട് ഒന്നോ രണ്ടോ വാക്കു പറയുവാൻവേണ്ടി ഇടക്കിടയ്ക്കു് അങ്ങോട്ടു പോകേണ്ടിവന്നു. പുറത്തു നടന്നിരുന്ന ഘോഷങ്ങളും വിളിച്ചുപറഞ്ഞിരുന്ന മുദ്രാവാക്യങ്ങളും ഞങ്ങൾ അകത്തു കേട്ടുകൊണ്ടിരുന്നു. എൻെറ സ്ഥിതികണ്ടു് അവക്കു നേരമ്പോക്കുതോന്നി. സാമാന്യജനങ്ങളുടെ ഇടയിലുള്ള എൻെറ സ്വാധീനശക്തികണ്ട അവർ കുറച്ചത്ഭുതപ്പെടുകയും ചെയ്തു എന്നാണു് എനിക്കു തോന്നുന്നതു്. (വാസ്തവം പറയുകയാണെങ്കിൽ മുഖ്യമായ ആകർഷണം എൻെറ അച്ഛനായിരുന്നു. പക്ഷെ അദ്ദേഹം അവിടെ ഇല്ലാതിരുന്നതുകൊണ്ടു് ആ പാട്ടിനു ഞാൻ തുള്ളേണ്ടിവന്നു.) അവർ പെട്ടെന്നു് എൻെറനേക്കു തിരിയുകയും, ഞാൻ ഈ വീരാരാധനയെ എങ്ങനെ ഇഷ്ടപ്പെടുന്നു എന്നു ചോദിക്കുകയും ചെയ്തു. ഞാൻ അഭിമാനം കൊണ്ടിരുന്നില്ലേ? മറുപടി പറയുന്നതിനു മുമ്പു് ഞാൻ കുറച്ചു താമസിച്ചു. ഇതു് അവരെ, പക്ഷെ താൻ വളരെ വ്യക്തിപരമായ ചോദ്യംകൊണ്ടു് എന്നെ കുഴക്കിയോ എന്നു വിചാരിക്കുവാൻ പ്രേരിപ്പിച്ചിരിക്കണം. അവർ മാപ്പു ചോദിച്ചു. അവരെന്നെ ഒട്ടുംതന്നെ കുഴക്കിയിട്ടുണ്ടായിരുന്നില്ല. എന്നാൽ ചോദ്യം, മറുപടി പറയാൻ ബുദ്ധിമുട്ടുള്ളതായി ഞാൻകണ്ടു. എൻെറ മനസ്സു് വിവിധചിന്തകൾക്കു് അധീനമാവുകയും, ഞാൻ എൻെറതന്നെ വിചാരങ്ങളേയും പ്രതിപ്രവർത്തനങ്ങളേയും വ്യവച്ഛേദിക്കുവാൻ തുടങ്ങുകയും ചെയ്തു. അവ വളരെ മിശ്രമായിരുന്നു.

മിക്കതും യാദൃച്ഛികമെന്നു വിചാരിക്കത്തക്കവണ്ണം ഞാൻ സാമാന്യജനങ്ങളുടെ ഇടയിൽ അസാധാരണമായ ഒരുതരം സ്വാധീനശക്തി സമ്പാദിച്ചിരുന്നു എന്നുള്ളതു വാസ്തവമായിരുന്നു. ബുദ്ധിമാ

---

* മി. നെഹറുവിൻെറ ആത്മകഥയിൽനിന്നു് —

(1) അലഹാബാദിൽ കുംഭമേള നടക്കുന്നകാലത്തു് "Independence and After" എന്ന അദ്ധ്യായത്തിൽ ഒടുവിലത്തെ ഭാഗമാണു് ഇതു്.

നമുക്കു എന്നെക്കുറിച്ചു മതിപ്പുണ്ടായിരുന്നു. ചെറുപ്പക്കാരായ സ്ത്രീകൾക്കും പുരുഷന്മാക്കും ഞാനൊരു ചെറിയ നായകനായിത്തീൎന്നു. അവരുടെ ദൃഷ്ടികൾക്കു, 'അസാധാരണത'യുടെ (Romance) ഒരു ദീപ്തിമണ്ഡലം എന്നെ ചുററിയിട്ടുള്ളതായി തോന്നി. എന്നെപററി പാട്ടുകൾ എഴുതപ്പെട്ടിരുന്നു; ഏററവും അസംഭാവ്യങ്ങളും അസംബന്ധങ്ങളുമായ കെട്ടുകഥകളും വളൎന്നുവന്നു. എന്റെ പ്രതിയോഗികൾകൂടി പലപ്പോഴും എന്നെക്കുറിച്ച് ഒന്നു രണ്ടു നല്ല വാക്കുകൾ പറയുകയും, എനിക്കു യോഗ്യതക്കുറവോ വിശ്വാസദാൎഢ്യക്കുറവോ ഇല്ലെന്നു് അനുഗ്രഹബുദ്ധിയോടുകൂടി സമ്മതിക്കുകയും ചെയ്തു.

ഒരു യതിവയ്യനോ അല്ലെങ്കിൽ മനുഷ്യത്വമില്ലാത്ത ഒരു രാക്ഷസനോ മാത്രമേ ഇവകൊണ്ടൊന്നും വ്രണപ്പെടാതെയും സ്പൎശിക്കപ്പെടാതെയും അതിജീവിക്കുവാൻ കഴിയുകയുള്ളൂ. ഇതിൽ രണ്ടിലും എന്നെ ഉൾപ്പെടുത്തുവാൻ എനിക്കു കഴിയുകയില്ല. ഈ ജനസമ്മതി എന്റെ തലയിൽക്കയറി; കുറച്ചൊന്നു ലഹരിപിടിപ്പിച്ചു; എനിക്കു് ആത്മവിശ്വാസവും ശക്തിയും നല്കുകയും ചെയ്തു. ഞാൻ എന്റെ പ്രവൃത്തികളിൽ കുറച്ചു തന്നിഷ്ടക്കാരനായി (എന്നാണു് ഞാൻ വിചാരിക്കുന്നതു്; ഒരാൾക്കു പുറമേനിന്നു് അവനവനെ നോക്കുക പ്രയാസമേറിയ ഒരു കാൎയ്യമാണു്); ആജ്ഞാപ്രഭുത്വം കാണിക്കുവാനും തുടങ്ങി. എന്നിരിക്കിലും എന്റെ അഹങ്കാരം പറയത്തക്കവണ്ണം അധികമായി എന്നു ഞാൻ വിചാരിക്കുന്നില്ല. എന്റെ കഴിവുകളെക്കുറിച്ചു സാമാന്യം നല്ലൊരു ബോധം എനിക്കുണ്ടായിരുന്നു. അവയെ സംബന്ധിച്ചേടത്തോളം ഞാൻ ഒട്ടുംതന്നെ വിനീതനുമായിരുന്നില്ല. എന്നാൽ ആ കഴിവുകളിൽ ആശ്ചൎയ്യപ്പെടത്തക്കതായിട്ടു ഒന്നുമില്ലെന്നു് എനിക്കു നല്ലപോലെ അറിയാം. എന്റെ പോരായ്മകളെക്കുറിച്ചും എനിക്കു നല്ല ബോധമുണ്ടായിരുന്നു. ആത്മദൎശനമെന്ന സ്വഭാവം ആത്മദമനത്തിനും വിവിധങ്ങളായ ആത്മചരിതങ്ങളെ അകനു നിന്നു നോക്കുന്നതിന്നും എന്നെ സഹായിച്ചിട്ടുണ്ടു്. ജനസമ്മതി ആശാസ്യമല്ലാത്തതരത്തിൽ ആളുകളെ ക്ഷണിച്ചു വരുത്തുന്ന കൂട്ടുകാരിയാണെന്നു് പൊതുജീവിതത്തിലെ പരിചയം എനിക്കു കാണിച്ചുതന്നിട്ടുണ്ടു. അതു് (ജനസമ്മതി) ബുദ്ധിസാമൎത്ഥ്യത്തിന്റേയോ സദ്ഗുണത്തിന്റേയോ ഒരൊഴിച്ചുകൂടാത്ത അടയാളമായി കണക്കാക്കുവാൻ പാടുള്ളതല്ല. അപ്പോൾ ഞാൻ ജനസമ്മതനായതു് എന്റെ പോരായ്മകളെക്കൊണ്ടോ, എന്റെ സിദ്ധികളെക്കൊണ്ടോ? എങ്ങനെയാണു് ഞാൻ ജനസമ്മതനായിത്തീൎന്നതു്?

ബുദ്ധിസാമർത്ഥ്യത്തിന്റെ സിദ്ധികളെക്കൊണ്ടല്ല; കാരണം, അവ അസാധാരണങ്ങളായിരുന്നില്ല. എന്നുതന്നെയല്ല, ഏതുതരത്തിലും അവ ജനസമ്മതിക്കു കാരണമായിത്തീർന്നിരുന്നുമില്ല. ഞാൻ ചെയ്തിട്ടുണ്ടെന്നു പറയപ്പെടുന്ന ത്യാഗങ്ങളെക്കൊണ്ടുമല്ല; കാരണം, നൂറായിരം ആളുകൾ നമ്മുടെ കാലത്തുതന്നെ ഇന്ത്യയിൽ ഇതിലും വലിയ ത്യാഗങ്ങൾ—ആത്മത്യാഗംകൂടി—ചെയ്തിട്ടുണ്ട് എന്നുള്ളതു വ്യക്തമാണ്. ഒരു നായകനെന്ന നിലക്കുള്ള എന്റെ പ്രസിദ്ധി മുഴുവനും കളവാണ്. താൻ വലിയ നായകനാണെന്നുള്ള ബോധത്തോടുകൂടിയ ആ മനോവൃത്തിയും അതിൽ നിന്നുണ്ടാവുന്ന ആ നാടകീയമായ നിലയും സാധാരണ ബാലിശമായിട്ടാണ് എനിക്കു തോന്നീട്ടുള്ളതു്. അസാധാരണതയെ സംബന്ധിച്ചേടത്തോളം പറയുകയാണെങ്കിൽ, ഞാനാണു എല്ലാംവരിച്ചുംവെച്ച് അതു കുറഞ്ഞവൻ എന്നു പറയേണ്ടിയിരിക്കുന്നു. എനിക്കു ശാരീരികവും മാനസികവുമായി കുറെ ദാർഢ്യമുണ്ടെന്നുള്ളതു ശരിയാണ്. പക്ഷെ അതിനുള്ള കാരണം, അഥവാ, അതിന്റെ പശ്ചാൽഭാഗം ഒരുവക സ്വാഭിമാനമാണ്. അതിൽ വ്യക്തിഗതവും, വർഗ്ഗപരവും, രാഷ്ട്രീയവുമായ അഭിമാനവും, നിർബ്ബന്ധമായി എന്തെങ്കിലും അനുസരിക്കുന്നതിലുള്ള എന്റെ വൈമനസ്യവും ഉൾപ്പെട്ടും.

എന്നോടു ചോദിച്ച ചോദ്യത്തിനു തൃപ്തികരമായ മറുപടി എനിക്കുണ്ടായിരുന്നില്ല. അപ്പോൾ ഒരു ഭിന്നവഴിക്കുള്ള അന്വേഷണത്തിന്നു ഞാൻ ഒരുമ്പെട്ടു. എന്നെയും എന്റെ അച്ഛനേയും കുറിച്ചു ബലമായി നിലനിന്നുപോന്നിരുന്ന കെട്ടുകഥകളിൽ ഒന്ന്, ഞങ്ങൾ ഞങ്ങളുടെ ഉടുപ്പുകൾ ആഴ്ചതോറും ഒരു പാരീസ് അലക്കുശാലയിലേയ്ക്കു അലക്കുവാൻ കൊടുത്തയച്ചിരുന്നു എന്നുള്ളതാണെന്നു ഞാൻ മനസ്സിലാക്കി. വീണ്ടും വീണ്ടും ഞങ്ങൾ ഇതു ശരിയല്ലെന്നു പ്രതിഷേധിച്ചിട്ടുണ്ടെങ്കിലും ആ കെട്ടുകഥ പിന്നേയും ബലമായി നിലനിന്നുപോരുന്നു. ഇതിലധികം അസംഗതവും അർത്ഥശൂന്യവുമായ ഒന്നു വിചാരിക്കുവാൻകൂടി എനിക്കു കഴിയുന്നില്ല. ഈ അനാവശ്യമായ ആഢ്യതയെ വിശ്വസിക്കത്തക്ക വിഡ്ഢിത്തം ഇനിയും വല്ലവർക്കുമുണ്ടെങ്കിൽ അയാളെ സമ്മാനാർഹനായ വിഡ്ഢിയായി പ്രത്യേകം നിർദ്ദേശിക്കേണ്ടതാണെന്നു ഞാൻ കരുതും.

ഇതുപോലെ ബലമായി നിലനിന്നുപോരുന്ന മറ്റൊരു കെട്ടുകഥ, പ്രതിഷേധിക്കപ്പെട്ടിട്ടുണ്ടെങ്കിൽകൂടി പലപ്പോഴും എടുത്തു പറഞ്ഞും

വരുന്നതായ മററൊന്നു്, ഞാൻ പ്രിൻസ് ഓഫ വെയിൽസിന്റെ കൂടെ സ്കൂളിൽ പഠിച്ചിട്ടുണ്ടെന്നുള്ളതാണു്. 1921-ൽ പ്രിൻസ് ഓഫ് വെയിൽസ് ഇന്ത്യ സന്ദശിക്കുവാൻ വന്നപ്പോഠം അദ്ദേഹം എന്നെ അന്വേഷിച്ചുവെന്നും, ആ കാലത്തു ഞാൻ ജയിലിലായിരുന്നുവെന്നും ഉള്ള കഥ തുടൎന്നുപോകുന്നു. യഥാൎത്ഥത്തിൽ ഞാൻ പ്രിൻസ് ഓഫ് വെയിൽസിന്റെ കൂടെ പഠിച്ചിട്ടില്ലെന്നു മാത്രമല്ല, അദ്ദേഹത്തെ കാണുന്നതിന്നോ അദ്ദേഹവുമായി സംസാരിക്കുന്നതിന്നോ എനിക്കു് ഇതുവരെ സന്ദൎഭവും കിട്ടിയിട്ടില്ല.

എന്റെ കീൎത്തിയോ ജനസമ്മതിയോ, എന്തോ ഒന്നുള്ളതു്, ഇവയേയോ ഇതേതരത്തിലുള്ള കെട്ടുകഥകളേയോ ആശ്രയിച്ചാണു് ഇരിക്കുന്നതു് എന്നല്ല ഞാൻ സൂചിപ്പിക്കുന്നതു്. അതിനു് ഇവയേക്കാഠം സുരക്ഷിതമായ ഒരടിസ്ഥാനമുണ്ടായിരിക്കാം. എന്നാൽ ആ കീൎത്തിമന്ദിരത്തിന്നു്, ഈ കഥകഠം കാണിക്കുന്നപോലെ, ആഢ്യത്വം കൊണ്ടുള്ള ഒരു തടിച്ച പൂറംതേപ്പുണ്ടെന്നുള്ളതിന്നു സംശയമില്ല. എങ്ങനെയിരുന്നാലും, ഞാൻ ആദ്യം വലിയ പദവിയിലുള്ള ആളുകളുമായി ഇടകലൎന്നു് ആഡംബരപരിപൂൎണ്ണമായ ജീവിതം നയിക്കുകയും പിന്നീട് അവയെല്ലാം ഉപേക്ഷിക്കുകയുംചെയ്തു എന്നു പരക്കെ ഒരു ബോധമുണ്ടല്ലോ. ഈ തരത്തിലുള്ള ത്യാഗം എല്ലായ്പോഴും ഇന്ത്യക്കാരെ വശീകരിച്ചിട്ടുണ്ടു്. എന്നാൽ കീൎത്തിക്കുള്ളൊരു അടിസ്ഥാനമായി ഇതു് ഒട്ടും തന്നെ എന്നെ ആകൎഷിക്കുന്നില്ല. പ്രവൃത്തിപരങ്ങളായ സൽഗുണങ്ങളെയാണു്, നിവൃത്തിപരങ്ങളായ ഗുണങ്ങളേക്കാഠം ഞാനധികം താല്പൎയ്യപ്പെടുന്നതു്. ത്യാഗവും തത്തുല്യങ്ങളായ മററുപലതും അവക്കുവേണ്ടി മാത്രം ചെയ്യുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. മറെറാരു വീക്ഷണകോണത്തിൽനിന്നു്— മാനസികവും അദ്ധ്യാത്മികവുമായ പരിശീലനപരിധിയിൽനിന്നു്— ഞാൻ അവയെ വിലമതിക്കുന്നു. കഠിനമായ ആഘാതങ്ങഠം എററാൽകൂടി അവയെയെല്ലാം ചെറുത്തുനില്ക്കുവാനുള്ള ശക്തിയും ഉറപ്പും മഹത്തായ കാൎയ്യങ്ങളുമായി ഇടപെടുവാൻ ഒരുമ്പെടുന്നവൎക്കു് അത്യാവശ്യമാണു്. എന്നാൽ വൈരാഗ്യത്തോടുകൂടിയ ജീവിതനിരീക്ഷണം, ജീവിതനിഷേധം, ജീവിതത്തിന്റെ സുഖസൌകൎയ്യങ്ങളിൽനിന്നും വേറിട്ടിട്ടുള്ള ഭയങ്കരമായ ഉപവാസം, ഇവയൊന്നും എനിക്കിഷ്ടമായിട്ടോ ആകൎഷകമായിട്ടോ തോന്നിയിട്ടില്ല. ഞാൻ, എനിക്കു വിലപ്പെട്ടതായി തോന്നിയിട്ടുള്ള യാതൊന്നും സ്വബോധത്തോടുകൂടി ഉപേ

ക്ഷിച്ചുകളഞ്ഞിട്ടില്ല. എന്നാൽ വിലക്ഷ മാററം സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്.

എൻെറ സ്നേഹിത ചോദിച്ച ചോദ്യം പിന്നേയും പ്രത്യുത്തരമില്ലാതെ നിന്നു. ജനക്കൂട്ടത്തിൻെറ ഈ വീരാരാധനയിൽ ഞാൻ അഭിമാനം കൊണ്ടിരുന്നില്ലേ? ഞാനതു വെറുത്തു; എനിക്കതിൽനിന്ന് ഓടിപ്പോകണമെന്നു തോന്നി. എന്നിരിക്കിലും ഞാനതിനോടു പരിചയിച്ചുവരുകയും അതു തീരെ ഇല്ലാത്ത സന്ദർഭങ്ങളിൽ ഞാൻ അതില്ലാത്തതിനെപ്പററി ഏതാണ്ടു വ്യസനിക്കുകയും ചെയ്തുപോന്നു. രണ്ടുവഴിയും തൃപ്തി തന്നില്ല; എന്നാൽ മൊത്തത്തിൽ പറയുകയാണെങ്കിൽ ജനക്കൂട്ടം ആന്തരമായ എൻെറ ഏതോ ഒരാവശ്യത്തെ നിറവേററി. എനിക്ക് അവരെ സ്വാധീനപ്പെടുത്താമെന്നും, അവരെ പ്രവൃത്തിയിലേക്കു നയിക്കാമെന്നും, ഉള്ള ബോധം, അവരുടെമേൽ എനിക്കൊരധികാരശക്തിയുണ്ടെന്നുള്ള ഒരു വിചാരം എന്നിൽ ഉളവാക്കി. ഇതു്, അധികാരം വേണമെന്ന എൻെറ ആഗ്രഹത്തെ കുറെയൊന്നു തൃപ്തിപ്പെടുത്തുകയും ചെയ്തു. അവരാകട്ടെ എൻെറമേൽ അതിസൂക്ഷ്മമായ ഒരാജ്ഞാശക്തി നിലനിർത്തിപ്പോന്നു. കാരണം, അവരുടെ വിശ്വാസവും സ്നേഹഭാവവും അതലസ്പർശികളായിത്തീർന്നു വികാരപരങ്ങളായ പ്രതിപ്രവർത്തനങ്ങളെ എന്നിൽ ഉൽപ്പാദിപ്പിച്ചുപോന്നു. ഞാനൊരു വ്യക്തിവാദിയായിരുന്നെങ്കിലും ചില സന്ദർഭങ്ങളിൽ വ്യക്തിത്വത്തിൻെറ ആ അതിർത്തിബന്ധങ്ങളെല്ലാം അലിഞ്ഞുപോവുന്നതുപോലെ തോന്നി; ഒററക്കു രക്ഷപ്പെടുന്നതിനേക്കാൾ ഭേദം നിർഭാഗ്യരായ ജനങ്ങളോടൊപ്പം ശപിക്കപ്പെട്ടനിലയിൽത്തന്നെ ഇരിക്കുകയാണു നല്ലതെന്നു ഞാൻ മനസ്സാക്ഷീച്ച്പ്പെടുത്തി. എന്നാൽ അതിർത്തിബന്ധങ്ങൾ, തീരെ ഇല്ലാതാകുവാൻ നിവൃത്തിയില്ലാത്ത വിധത്തിൽ അത്ര ബലവത്തുക്കളായിരുന്നു; വിസ്മയഭരിതമായ കണ്ണുകളോടുകൂടി എന്നിൽ നടക്കുന്ന ഈ മാനസികപ്രവർത്തനങ്ങളെ ഞാൻ നോക്കിക്കൊണ്ടിരുന്നു.

അഹങ്കാരം, മനുഷ്യദേഹത്തിലെ കൊഴുപ്പുപോലെ കാണാൻ വയ്യാത്തവിധത്തിൽ അട്ടിക്രമിതെ അട്ടിയായി വളർന്നുവരുന്നു. അതു വന്നു പിടികൂടുന്ന മനുഷ്യൻ അതു ദിവസംപ്രതി തടിച്ചുകൂടുന്നതിനെപ്പററി അറിയുന്നതുമില്ല. ഭാഗ്യംകൊണ്ട് ഭ്രാന്തുപിടിച്ച ഒരു ലോകത്തിലെ കർക്കശമായ ആഘാതങ്ങൾ അതിനെ മിതപ്പെടുത്തുകയോ ഒന്നിച്ചു തച്ചുടക്കുകയോ ചെയ്യുന്നുണ്ട്. ഇവിടെ ഇന്ത്യയിൽ ഉള്ള നമ്മൾക്ക് അടുത്തുകുറെ കൊല്ലമായിട്ട് കർക്കശങ്ങളായ ആഘാതങ്ങൾ

കിട്ടുന്നതിന്ന് ഒരു കുറവുമില്ല. ജീവിതമാകുന്ന പാഠശാല നമുക്കു വിഷമമേറിയ ഒന്നായിത്തീൎന്നിട്ടുണ്ടു; കഷ്ടപ്പാട് ഒരു നല്ല ശിക്ഷകനുമാണ്.

ഞാൻ മററൊരുകാൎയ്യംകൊണ്ടും ഭാഗ്യവാനായിത്തീൎന്നിട്ടുണ്ട് — എന്റെ കുടുംബാംഗങ്ങളും സ്നേഹിതന്മാരും പരിചയക്കാരുമെല്ലാം സമഞ്ജസമായ ഒരു ജീവിതനിരീക്ഷണത്തിനും, ആത്മദമനത്തിനും എന്നെ സഹായിച്ചിട്ടുണ്ട്. പൊതുയോഗങ്ങളും മുൻസിപ്പാലിററി തുടങ്ങിയ സ്ഥാപനങ്ങളുടെ മംഗളപത്രങ്ങളും ഘോഷയാത്രകളും അതുപോലെയുള്ള മററു പലതും എന്റെ ദേഹത്തിന്നു വളരെ ആയാസകരമായിരുന്നു. എന്റെ വിനോദമനോവൃത്തിയേയും യാഥാൎത്ഥ്യബോധത്തേയും അവ പലപ്പോഴും സ്പൎശിച്ചുപോന്നു. മംഗളപത്രങ്ങളിൽ മഹാപ്രതാപത്തെ കുറിക്കുന്ന അത്യാഡംബരസമന്വിതമായ ഭാഷ സുലഭമായി പ്രയോഗിച്ചിരിക്കും. സഭാവാസികളാവട്ടെ മംഗളപത്രത്തിൽ പറഞ്ഞിട്ടുള്ളകാൎയ്യങ്ങളെല്ലാം ശരിവെച്ചു ശ്രദ്ധിച്ചിരിക്കും; അതു ചെയ്യുന്നതോ വലിയ ഘനഭാവത്തിൽ. ആ ഘനഭാവം കാണുമ്പോൾ എനിക്കു പൊട്ടിച്ചിരി താനേ വരാറുണ്ട്. സഭാവാസികളെ ഒന്നുപേടിപ്പിക്കാൻമാത്രം വേണ്ടി എന്റെ നാവു പുറത്തേക്കു തൂക്കിയിട്ടാലോ; അല്ലെങ്കിൽ ഒന്നു തലകുത്തി നിന്നാലോ; എന്നെല്ലാം എനിക്ക് അപ്പോൾ തോന്നുക പതിവാണ്. അങ്ങനെ ചെയ്യണമെന്നു തോന്നാറുള്ളത് എന്റെ പ്രവൃത്തിയുടെ ഫലം അവരുടെ മേൽ എങ്ങനെയായിരിക്കും എന്നറിവാൻവേണ്ടിമാത്രമാണ്. എന്റെ നല്ല പേരിനുള്ള ഭാഗ്യംകൊണ്ടും ഇന്ത്യയിലെ പൊതുജീവിതത്തിലെ മാന്യതകൊണ്ടും ഞാനിപറഞ്ഞതൊന്നും ചെയ്യുക ഉണ്ടായിട്ടില്ല. എന്റെ അന്ധമായ ആഗ്രഹത്തെ അടക്കിവെക്കുകയാണ് ഉണ്ടായിട്ടുള്ളത്. പൊതുവെ എല്ലാ സന്ദൎഭങ്ങളിലും ഞാൻ വേണ്ട പോലെ പെരുമാറിയിട്ടുമുണ്ട്. എന്നാൽ എപ്പോഴും അങ്ങിനെ ചെയ്തിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല. ചിലപ്പോൾ, ജനത്തിരക്കു കൂടിയ ദുസ്സഹമായ വമ്പിച്ച സമ്മേളനങ്ങളിൽവെച്ചോ ഘോഷയാത്രകളിൽ വെച്ചോ എനിക്കു ചില അഭിനയപ്രകടനങ്ങൾ എടുക്കേണ്ടതായി വന്നിട്ടുണ്ട്. ഞങ്ങളുടെ ബഹുമാനാൎത്ഥം ഒരുക്കിയിട്ടുള്ള ഘോഷയാത്രകളെ പെട്ടെന്നു ഉപേക്ഷിച്ചും അതു തുടൎന്നു കൊണ്ടുപോകുവാൻ ഭാൎയ്യയേയോ മററു വല്ലവരേയുമോ കാറിൽ ഇരുത്തി ഞാൻ ജനക്കൂട്ടത്തിന്നുള്ളിൽ മറഞ്ഞിട്ടുണ്ട്.

ഇങ്ങനെ ഒരാളുടെ വികാരങ്ങളെ അടക്കിവെച്ചു പൊതുസ്ഥല

ങ്ങളിൽ തുടരെത്തുടരെ പെരുമാറുക പ്രയാസമാണ്. അതിന്റെ ഫല മായി പൊതുയോഗങ്ങളിലും മററം സ്വാഭാവികത വിട്ടു പരിശുദ്ധത അഭിനയിച്ച് അയാൾ പെരുമാറേണ്ടിവരുകയും ചെയ്യുന്നു. ഇതുകൊ ണ്ടായിരിക്കാം ഒരിക്കൽ ഒരു ഹിന്ദുമാസികയിലെ ഒരു ലേഖനത്തിൽ ഞാൻ ഒരു ഹിന്ദുവിധവയെപ്പോലെയിരിക്കുന്നുണ്ടെന്ന് ആരോ എഴുതു ക ഉണ്ടായതു്. പൌരാണിക സമ്പ്രദായത്തിലുള്ള ഹിന്ദുവിധവകൾ അതീവ ശ്ലാഘ്യകളായി എനിക്കു തോന്നീട്ടുണ്ടെങ്കിലും ഈ ഉപമ എ ന്നെ ക്ഷോഭിപ്പിച്ചു എന്നു പറയാതെ നിവൃത്തിയില്ല—അതെഴുതിയ ആൾ ഒരു വേള അതു എഴുതിയതു് എന്നിൽ കണ്ട വല്ല ഗുണത്തേയും പ്രശംസിക്കുവാൻ വേണ്ടിയായിരിക്കാം. ഒരുതരം ശാന്തമായ പരി ത്യാഗത്തേയും, ആസക്തികൂടാത്ത പ്രവൃത്ത്യുപാസനയേയുമായിരിക്കാം അയാൾ സൂചിപ്പിച്ചതു്. എന്റെ ഉത്തമവിശ്വാസം എനിക്കു നല്ല ഉറച്ച പ്രവൃത്തിപരങ്ങളായ ഗുണങ്ങളും, നേരമ്പോക്കു മനസ്സിലാക്കാ നും ചിരിക്കാനും ഉള്ള ശേഷിയും ഉണ്ടെന്നാണ്. ഹിന്ദുവിധവകൾക്കും ഇതേ ഗുണങ്ങൾ ഉണ്ടാവട്ടെ എന്നു ഞാൻ യഥാർത്ഥമായി ആഗ്രഹി ക്കുന്നു. ഗാന്ധിജി ഒരിക്കൽ അദ്ദേഹത്തിന്റെ ഒരു സന്ദർശകനോട്ട് തനിക്കു ഫലിതബുദ്ധി ഉണ്ടായിരുന്നില്ലെങ്കിൽ ആത്മഹത്യ ചെയ്യുമാ യിരുന്നു എന്നോ മറേറാ പറയുക ഉണ്ടായിട്ടുണ്ട്. ഞാൻ അത്രയധികം പോകുവാൻ വിചാരിക്കുന്നില്ലെങ്കിലും ചിലർ ചില നേരമ്പോക്കുകൾ ഉണ്ടാക്കിത്തന്നിട്ടില്ലായിരുന്നുവെങ്കിൽ ഈ ജീവിതം നിശ്ചയമായും എനിക്കു ദുസ്സഹമായി തോന്നുമായിരുന്നു.

എന്റെ ജനസമ്മതിയും പൊതുയോഗങ്ങളിൽവെച്ച് എനിക്കു കിട്ടിക്കൊണ്ടിരുന്ന, പ്രതാപസൂചകങ്ങളും അലംകൃതങ്ങളുമായ വാക്കു കൾ സുലഭമായി ഉപയോഗിച്ചിട്ടുള്ള മംഗളപത്രങ്ങളും എന്റെ കുടും ബാംഗങ്ങളുടേയും അടുത്ത സ്നേഹിതന്മാരുടേയും ഇടയിൽ എന്നെ കളി യാക്കുന്നതിനുള്ള ഉപകരണങ്ങളായിത്തീർന്നു. രാഷ്ട്രീയ പ്രക്ഷോഭ ത്തിൽ പങ്കെടുത്തു പ്രാമാണ്യം സിദ്ധിച്ചിട്ടുള്ള പലക്കും സമ്മാനിച്ചിരു ന്ന വലിയ വലിയ ബഹുമാനസൂചകങ്ങളായ വാക്കുകൾ തിരഞ്ഞെടു ത്തു എന്റെ ഭാര്യയും സഹോദരിമാരും മററുള്ളവരും എന്നെ പരിഹ സിച്ചു വിളിക്കും—'അല്ലയോ ഭാരതഭൂഷണ! 'അല്ലയോ ത്യാഗമൂർത്തേ! എന്നു തുടങ്ങിയ പദങ്ങൾ തിരഞ്ഞെടുത്തു അവർ എന്നെ സപരിഹാ സം സംബോധന ചെയ്യും. നേരമ്പോക്കോടുകൂടിയ ഈ പെരുമാററം,

ഘനഭാവത്തിൽ അനങ്ങാതെ ഇരിക്കേണ്ടിയിരുന്ന ആ പൊതുയോഗങ്ങളെക്കുറിച്ചുള്ള എന്റെ സ്മരണയെ കുറെ ഏറെ ലഘൂകരിക്കുകയും എന്നെ സാന്ത്വനപ്പെടുത്തുകയും ചെയ്തുപോന്നു. ഈ വിനോദത്തിൽ എന്റെ കൊച്ചുമകൾ കൂടിച്ചേർന്നു. എന്റെ അമ്മമാത്രം എന്നെക്കുറിച്ചുള്ള പ്രശംസകൾ കാര്യമായി ഗൌനിച്ചുവന്നു. അവരുടെ പ്രിയ മകനെക്കുറിച്ചുള്ള പരിഹാസങ്ങളും നേരമ്പോക്കുകളും അവർക്കു സമ്മതമായിരുന്നില്ല. അച്ഛനു അതു രസകരമായി തോന്നി; അദ്ദേഹത്തിന്റെ സമ്മതഭാവവും സഹതാപവും നിശ്ശബ്ദമായി പ്രകടിപ്പിക്കുന്ന ഒരു വക സ്വഭാവം അച്ഛനുണ്ടായിരുന്നു.

എന്നാൽ ഈ ഘോഷാരവങ്ങളോടുകൂടിയ ജനക്കൂട്ടവും, നിരുന്മേഷവും ആയാസകരവുമായ പൊതുജീവിതവും, അവസാനിക്കാത്ത വാദങ്ങളും, രാഷ്ട്രീയ ജീവിതത്തിലെ പൊടിപടലങ്ങളും എന്നെ ഉപരിഭാഗത്തു മാത്രമേ സ്പർശിച്ചിരുന്നുള്ളു. എന്നാൽ ചില സന്ദർഭങ്ങളിൽ ആ സ്പർശം നിശിതവും വ്യക്തവുമായിരുന്നു. എന്റെ ശരിയായ മത്സരം ആന്തരമായിരുന്നു. ആദർശങ്ങൾ തമ്മിലും, ആഗ്രഹങ്ങളും സൌഹാർദ്ദങ്ങളും തമ്മിലും ഉള്ള ഒരു പോരാട്ടമായിരുന്നു അതു്. അവിടെ ബാഹ്യസ്ഥിതികളോടുകൂടി ഉപബോധമനസ്ഥിതിയുടെ അഗാധതയും, അന്തർമ്മുഖമായ ഒരു ബുഭുക്ഷയോടു അതൃപ്തിയും പോരാടുന്നുണ്ടായിരുന്നു. ഞാനൊരു യുദ്ധഭൂമിയായിത്തീർന്നു. അവിടെ പല ശക്തികളും പ്രാബല്യം കിട്ടുവാൻ യത്നിച്ചുകൊണ്ടിരുന്നു. ഞാൻ അതിൽനിന്നൊരു രക്ഷാസ്ഥാനം കാണുവാൻ നോക്കി; ഐക്യവും ആത്മദമനവും കരസ്ഥമാക്കുവാനുള്ള ആ ശ്രമത്തിൽ ഞാൻ പ്രവൃത്തികളിലേക്കു കുതിച്ചു. അതെനിക്കു കുറെ സമാധാനം നല്കി; ബാഹ്യമായ പോരാട്ടം ആന്തരമായ മത്സരത്തെ കുറച്ചു.

ഈ ജയിലിൽ ഇരുന്നുകൊണ്ടു ഞാനെന്തിനാണ് ഇവയെല്ലാം കുത്തിക്കുറിക്കുന്നതു്? എന്റെ അന്വേഷണം, ജയിലിലായാലും പുറത്തായാലും ശരി, ഒന്നുതന്നെയാണ്. ഞാൻ എന്റെ കഴിഞ്ഞ അനുഭവങ്ങളേയും വിചാരങ്ങളേയും ഇങ്ങനെ എഴുതിത്തള്ളുന്നതു്, ഇതു് ഒരു പക്ഷെ കുറച്ചെങ്കിലും സമാധാനവും ശാന്തിയും എനിക്കു പ്രദാനം ചെയ്യുങ്കിലോ എന്നുള്ള ആശയോടുകൂടിയാണ്.

# ഓമന.

(ബാലാമണിയമ്മ.)

ശുഷ്ക്കേന്ധനങ്ങൾ നിറയുമടുക്കള
മൂക്കിൽ, ദിനകൃത്യതാന്തയായ് വാഴ്വു ഞാൻ
ക്രൂരം തുടുംകൺ തുറന്നെന്നെ നോക്കുന്നു,
ചാരം പുതച്ച കനൽച്ചാർത്തിടയ്ക്കിടെ.

അദ്ഭുത മല്ലെൻ ബഹില്ലോകവീക്ഷണ-
കൌതുക, മിക്കരിംക്കുററൻ ചുമർകളാൽ
ഇല്ലാ സദാഗതി തൻ മണം വീശലി-
ങ്ങില്ലാ പുതുമ തൻ ചെന്തളിർക്കൊള്ളലും;
ഉൾപ്രസാദത്തിൻ പ്രകാശം പരത്തലി-
ല്ലുൽ ക്രമണത്തിൻ ചിറകു വിടർത്തലും,

തിങ്ങുന്നു നൽപ്പുലർപ്പൂവൊളിയൊക്കെയു-
മിങ്ങു നീയെൻ നേക്കു നീട്ടും കരങ്ങളിൽ
എന്നൊടി മൂലയിലാഹ്ലാദ കന്ദളം
ചിന്നി, യാമന്ത്രിപ്പുന്നിൻ ചിരിയോമനേ!
“ഭൂവിനെപ്പോതും വരൾച്ചയരുളാത്ത
ത്തുവെയിലാണുള്ളതം,ബന്നിൻ കൈവശം!

2

സത്യജിജ്ഞാസുവാമെൻ മുന്നിലന്തിയ്ക്കു
സൽഗ്രന്ഥ ജാലം ചിതറിക്കിടപ്പതേ
അക്ഷര കോശങ്ങൾ വിട്ടഹോ പാറിവ-
ന്നാക്ഷമം തിക്കിത്തിരക്കുന്നു ചുററമേ,
നുത്തമപ്പെട്ട ചിറകുമായ് ,പ്പൊയ്പ്പോയ
നൂററാണ്ടുകളുടെ ഭാവനാകോടികൾ;
മാപ്പിന്നിരക്കുന്നു സൽക്കൃതി ദുർബ്ബലം,
കൂപ്പുകൈകൊള്ളുമെൻ മസ്തിഷ്ക്കകുഡ്മളം

ദൃശ്യപ്രപഞ്ചം പതുങ്ങുന്നുമങ്ങുമെൻ
കൊച്ചുവിളക്കു കുറിച്ച വരസ്ഥകം;

ഇല്ല ചിജ്ജ്യോതിഷാം സൂക്ഷ്മാഭിവീക്ഷയി-
ങ്ങില്ലാ പ്രശാന്തിതൻ പീയൂഷവർഷവും;
നിർമ്മലത്വത്തിൻ സദാനന്ദ ലാസ്യമി
ല്ലമാഹത്വത്തിൻ പരമ സമാധിയും.

മിന്നുന്ന ദിവ്യ വിഭൂതികളൊക്കെയു
മെൻനെഞ്ചിലേയ്ക്കു നീ ചായ്ക്കും മിഴികളിൽ;
എന്നൊടോതുന്നു നിൻ നെററിമേൽ വററാതെ
നിന്ന വിയർപ്പ്നീർത്തുള്ളികളോമനേ!
“കൂരിരുളിന്നു തലക്കേറിപ്പാവാത്ത
താരകളാണുള്ളതം, ബവനിൻ കൈവശം!”

# അദൃശ്യപ്രണയം.

കെ. വി. പിള്ള.

പ്രഭാതം, വിദൂരമായ ചക്രവാളരേഖയെ നിശാമുഖത്തിൽനിന്നു വേർതിരിച്ചു. വർണ്ണസങ്കുലമായി തുടങ്ങിയ അന്തരിക്ഷം പ്രകൃതിയിലെ ദർശനീയമായ ഒരു കാഴ്ചതന്നെയായിരുന്നു. അവിടെ കണ്ട മൂടൽമഞ്ഞു ക്രമേണ അപ്രത്യക്ഷമായിക്കൊണ്ടിരുന്നതിലല്ല വിമലയുടെ ചിന്തകൾ. അവളുടെ നവമായ വസതിയും പരിസരവും അവളെ എങ്ങനെ സ്വീകരിക്കുമെന്ന ഉൽക്കണ്ഠാകുലമായ വിചാരഗതികൾ അസ്വസ്ഥമായ ഒരന്തരീക്ഷത്തിൽ അവളെ നിയന്ത്രിച്ചുകൊണ്ടിരുന്നു. ആ ഭവനനാഥനും മററും നിദ്രാവിമുക്തരാകുന്നതിനു മുമ്പായി ഹതചിത്തയായ ആ കന്യക ശയ്യയിൽനിന്നുമെണീററു ജനാലയിൽക്കൂടി പൂർവ്വദിക്കിൽ കണ്ണോടിച്ചിരിക്കുയായിരുന്നു.

വിമല വെറുമൊരു ബാലികയല്ല. യൗവനത്തിന്റെ ഇളംതുടുപ്പ് അവളുടെ സ്നിഗ്ദ്ധകോമളമായ ശരീരവല്ലിയിൽ മിന്നിത്തുടങ്ങി. അവളുടെ അച്ഛനമ്മമാർ മറെറാരു ബന്ധുഗൃഹത്തിലേക്കു് അവളെ മാററി താമസിപ്പിച്ചിരിക്കുയത്രേ. അവൾ ഒരപവാദം ആർജ്ജിച്ചിരുന്നു. മുമ്പു് സമീപവാസിയായ വിജയൻ അവളെ അകൈതവപ്രേമത്താൽ അഭിഷേകം ചെയ്യുന്നതായി ഓരോ നിമിഷങ്ങളും വിശദീകരിച്ചുകൊണ്ടിരുന്നു. പക്ഷെ അവൾ ആ നാട്ടുകാർ വ്യാഖ്യാനിച്ചതുപോലെ വിജയനു് ഒരിക്കലും അധീനയായിരുന്നില്ല. അദൃശ്യമായ ഒരാശാകിരണം മാത്രം സൂക്ഷ്മപരിശോധനയിൽ അവളുടെ ഹൃദയത്തെ ചലിപ്പിച്ചുകൊണ്ടിരുന്നതായി അവൾക്കു തോന്നി. അതുകൊണ്ടായില്ല. കർക്കശമായ ലോകത്തിന്റെ കരാളമായ അപവാദം ആ മൃദുലഹൃദയത്തെ വല്ലാതെ വ്രണപ്പെടുത്തി. അനുകമ്പയുള്ള ഒരു വിദ്വേഷം മാതാപിതാക്കൾക്കു് അവളോടുണ്ടായി. പരിസരവാസികളുടെ 'വാ'കെട്ടാൻ വിമലയെ ആ ദിക്കിൽനിന്നും മാററിതാമസിപ്പിക്കയാണു് ചെയ്തതു്.

പുതിയ ഭവനത്തിലെ പ്രഥമമായ പ്രഭാതം അവൾക്കു് സ്വാഗതമരുളി. പക്ഷെ നവംനവമായ തപ്തചിന്തകൾ, കമനീയമായ ഘനപരമ്പരകളുടെ കാന്തിയെ അവളുടെ ഹൃദയത്തിലേക്കു് കടത്തിവിട്ടില്ല. പൂങ്കുയിൽ പഞ്ചമരാഗം പാടിയാലും പുതുപൂക്കൾ പരിമളം പരത്തി

യാലും ആനന്ദാനുഭൂതിയുടെ അഗാധതയിലേയ്ക്കു ലക്ഷ്യമായ മനസ്സു അവയിൽനിന്നും വ്യതിചലിയ്ക്കയോഃ അവൾ ആ പ്രഭാതത്തെ വിസ്മരിക്കയാണു് ചെയ്യുന്നതു്. വിമലയെ ആ ഗൃഹത്തിലേയ്ക്കു കൊണ്ടുവരുന്നുവെന്ന വിവരം മുൻകൂട്ടിയറിഞ്ഞിരുന്നതിനാൽ അവൾ വന്നയുടനെ ആ ഗൃഹനാഥന്റെ ഭാര്യയും മകളും അവളെ നോക്കിയ നോട്ടം: ഹാ! സാധുവായ വിമലയ്ക്കു് ആ നോട്ടം വിഷലിപ്തമായ ക്രൂരശരംപോലെ കൊണ്ടു. ആ രാത്രി മിക്കവാറും നിദ്രാവിഹീനയായി കഴിയുകയാണു് ചെയ്തതു്.

ഭവനാധിപന്റെ പുത്രി വിമലയെക്കാൾ പ്രായം കൂടിയവളും കുറെ തടിച്ച ശരീരമുള്ളവളുമായിരുന്നു. അവൾ അവിവാഹിതയാണു്. മാധവി—അതത്രെ അവളുടെ നാമധേയം.

എല്ലാപേരും ഉണർന്നെഴുന്നേററു. ലജ്ജയും ഭീതിയും വിമലയെ ബാധിച്ചു. നമ്രമായ ശിരസ്സും നേത്രബിന്ദുക്കൾ വാർന്നൊഴുകുന്ന ഇളംകവിൾത്തടവും ചിന്നിച്ചിതറിയ അളകാവലിയും മലിനവസ്ത്രങ്ങളുംകൊണ്ടു് വിമലയുടെ കാന്തി ഒരു സഹൃദയന്റെ ദൃഷ്ടിയിൽ വർദ്ധിക്കുന്നതായി തോന്നും.

ആ മുറിയുടെ വാതലിനോടു് സമീപിച്ചു് ഒന്നറച്ചു് അകത്തേയ്ക്കു ഒരു നെടിയ വീക്ഷണം വലിച്ചെറിഞ്ഞിട്ടു് അപ്രത്യക്ഷയായ മാധവിയുടെ മനഃസ്ഥിതികൾ ആ ഒരൊററ നോട്ടത്തിൽത്തന്നെ വിശദമായറിയുന്നതിനു് വിമലയ്ക്കു് കഴിഞ്ഞു. ആ ഭവനത്തിൽ ഭാവിയുടെ ഗതിയെ ചിത്രീകരിക്കുന്ന ഒരപൂർണ്ണചിഹ്നമായി വിമലയ്ക്കു് അതിനെ കരുതാൻ സാധിച്ചു. അവൾ വിചാരിച്ചു:—സ്വന്തമായ ഏതെങ്കിലും അപരാധങ്ങളുടെ ഒരു ശരി പകപ്പുപോലും അന്യനിൽ കണ്ടാൽ സഹിയ്ക്കാത്ത ലോകം. വെണ്മയേറിയ ഭിത്തിയിൽ കേവലം അവ്യക്തമായ ഒരടയാളം കണ്ടുപോയാൽ ചുഴിഞ്ഞുനോക്കി ആ ഭിത്തി മുഴുവൻ വികൃതമായ അടയാളങ്ങൾ നിറഞ്ഞതാണെന്നു് പ്രഖ്യാപനംചെയ്യുന്നകാലം. അതെവിടെയുമുണ്ടു്. മനുഷ്യസ്വഭാവത്തിന്റെ പാവനഭാവം അധഃപതിപ്പിക്കുന്ന രാജ്യനിയന്ത്രണം. പ്രജാലക്ഷങ്ങളുടെ സ്വാതന്ത്ര്യമാകുന്ന കൈകാലുകൾ കൂട്ടിക്കെട്ടി നിരാലംബമായി തറയിൽ തള്ളി ഭരണാധികാരികൾ സ്വൈരവിഹാരം ചെയ്യുന്ന ദുർഘടഘട്ടം. സ്വാർത്ഥപ്രേരണയിൽ ന്യായാന്യായങ്ങളെ വിസ്മരിപ്പിക്കുന്ന സ്വഭാവപരിണാമം! അതെ, ലോകം അതിന്റെ ഉദ്ദേശ്യശുദ്ധിയിൽനിന്നും തെററി അനിർവ്വാച്യമായ ഒരു കാല

ഘട്ടത്തിൽ എത്തിയിരിക്കുന്നു. വിസ്തൃതമായ ഈ ലോകം വിവിധജീവജാലങ്ങളാൽ നിറഞ്ഞതാണെങ്കിലും മനുഷ്യജീവിയുടെ വക്രഗതിപോലെയും, കൗടില്യം നിറഞ്ഞുമുള്ള ഒരു മനസ്സു മറ്റേതൊരു ജീവിയിൽ കണ്ടെത്താം?

ഗുണദോഷസമ്മിശ്രമായ മനുഷ്യജീവിതം വിവേകത്താൽ ദോഷഭാഗങ്ങളെ ത്യജിച്ച് ഗുണങ്ങളെ വർദ്ധിപ്പിക്കേണ്ടതത്രേ. അഥവാ വല്ല ന്യൂനതകളും അവശേഷിച്ചിരുന്നാൽതന്നെയും ലോകം എന്ത് എന്നു ചിന്തിക്കുമ്പോൾ അവയെ അവഗണിക്കാനുള്ള ഒരു നിഷ്പക്ഷബുദ്ധിയും പ്രേക്ഷകലോകത്തുനിന്നും മറഞ്ഞു.

അവളുടെ ചിന്താപതംഗം പക്ഷങ്ങൾ പൂട്ടി, മാധവിയുടെ അമ്മയുടെ ആഗമനം ഒരു പ്രതിബന്ധമായിരുന്നു. ഏതാണ്ടൊരു സ്വാരസ്യം കലന്ന സ്വരം വിമലയുടെ കർണ്ണപുടങ്ങളിൽ പതിച്ചു.

വിമലേ! സുഖം തന്നെയല്ലേ? ഇവിടേയും ചെറപ്പക്കാർ ഉണ്ട്.

ഹാ! ഹൃദ്യമായ കുശലപ്രശ്നം. ഭാവിയിലെ സുഖത്തിന്റെ സൂചന വിമലയുടെ അന്തരവയവത്തിൽനിന്നും നേത്രബിന്ദുക്കൾ തിക്കിപ്പുറപ്പെടാൻ കുതിച്ചു. പക്ഷെ അതു പുറത്തെത്തിയില്ലാ. അവളുടെ നേത്രങ്ങളുടെ നിഷ്കളങ്കവും പരിഭ്രമകരവുമായ വീക്ഷണം മാധവിയുടെ അമ്മയെ ആപാദചൂഡം ഒന്നു തലോടി. ആ, അമ്മ തുടന്നു:

നിന്റെ അമ്മയുടേയും മററും പ്രാർത്ഥനകൊണ്ടു നീ ഇവിടെ താമസിക്കുന്നു. അല്ലെങ്കിൽ ഞങ്ങൾക്ക് ഇതു് എത്ര അവമാനമാണെന്നോ:

വിമല ഒന്നും മിണ്ടിയില്ല. അതു് അവളുടെ ഗർവ്വമാണെന്നനുമാനിച്ചുകൊണ്ടു് അവർ കടന്നുപോയി.

സാധുവിമല! അച്ഛനമ്മമാരാൽ പരിത്യക്തയായ ആ പെൺകിടാവു്! പ്രേമലോകത്തിന്റെ അപൂർണ്ണച്ഛായയേ ഒട്ടകലെനിന്നു ദർശിച്ചു് ആശാരഥം തിരിപ്പിച്ച വ്യഥ അനുഭവിക്കുന്ന വിമല! അതാ! അവൾ ശോകാകുലയായി ദീർഘനിശ്വാസം ചെയ്യുന്നു. അവളുടെ അഭയസ്ഥാനം കണ്ടകനിബിഡമാകുന്നു. അവളെ അലട്ടിക്കൊണ്ടിരുന്ന വ്യഥ അവളോടനുഗമിച്ചു് ഈ ഭവനത്തിലുമെത്തി രൂപാന്തരപ്പെട്ടു് അവളെ തുറിച്ചുനോക്കുന്നു.

പെട്ടെന്നു് ആ മുറിയിൽ ഗൃഹനാഥൻ കയറിവന്നു. അവൾ കിടക്കയിൽനിന്നുമെണീററു. ദീനമായ ഒരു നോട്ടം അദ്ദേഹത്തിന്റെ കരുണാപൂർണ്ണമായ ഹൃദയത്തിലേക്കു ഇഴഞ്ഞുകയറി, വാത്സല്യപൂർവ്വം അദ്ദേഹം അവളെ വീക്ഷിച്ചുകൊണ്ടു പറഞ്ഞു. വിമലേ! നിന്നെ എനിക്കു

റിയാം, നിൻെറ സ്വഭാവം പരിശുദ്ധവും ജീവിതം ശുചിത്വമുള്ളതു മത്രേ. മാത്രമല്ല ക്ലേശങ്ങളെ സഹിക്കാനുള്ള ഒരു മനസ്സും നീ സംഭരിച്ചു കഴിഞ്ഞു. അപവാദം! അതു് ആക്കും അസഹ്യമാണു; പോകട്ടെ. നീ ഇനി സമാധാനത്തോടുകൂടി കഴിയുക. അദ്ദേഹം കടന്നുപോയി.

ഹാ! സ്നേഹത്തിൻെറ മൃദുലനാദം എത്ര മധുരമാണ്.

ആശാഭരിതമായ ഒരു ഭാവസ്ഫുരണം വിമലയുടെ മുഖത്തു പ്രത്യക്ഷപ്പെട്ടു. അവളുടെ കനിവേറിയ ചിന്തകളും കാന്തിയേറിയ കണ്ണുകളും ആ ഭവനാധിപനെ അനുധാവനം ചെയ്തു. അദ്ദേഹം അവളോടു കാട്ടുന്ന വാത്സല്യത്താൽ ആർദ്രമായ ഹൃദയം അദ്ദേഹത്തിൻെറ മുമ്പിൽ കുമ്പിട്ടു.

പരിഹാസം കലന്ന ഒരു ശബ്ദം!

ജാനു! കുറെ ഉമിക്കരിയും വെള്ളവും! പുറകേ ഒരു ബെഡ്കാഫിയും വേഗം എത്തിക്കു!

വിമല ഒന്നു ഞെട്ടി. അതു് മാധവിയുടെ പരിഹാസത്തിൻെറ പ്രാരംഭമാണെന്നു് അവൾക്കുടൻ തോന്നി. നിശ്ചയമായും മാധവി അവളോടു വിരസമായേ സഹകരിക്കൂ എന്നു തീച്ചയായി. വിമലയുടെ ആത്മഗൃഹത്തിനു പുറമേയുള്ള ചിലർ അവജ്ഞയോടുകൂടി അവളെ പരിഹസിച്ചതിൻെറ വ്യഥ മാറാത്ത മനസ്സിൽ ഇതാ പുതിയമുള്ളുകളുടെ അഗ്രം തറഞ്ഞുതുടങ്ങി.

വിമലേ! ചന്ദ്രബിംബത്തെ കാർമേഘം ആച്ഛാദനം ചെയ്യുന്നു. പക്ഷെ അതു ദീർഘസമയം അങ്ങനെ മറഞ്ഞു നില്ക്കുന്നില്ല. ആ മേഘശകലങ്ങളെ ആട്ടിപ്പായിക്കുന്നതിനു കാററു പുറകിലെത്തുന്നു. സമാശ്വസിക്കൂ! [illegible]ചഭൂയിഷ്ഠമാണ്. ആ തത്വം നിനക്കാശ നൽകുന്നില്ലേ? അവ്യക്തഭാഷയിൽ അവളുടെ അന്തഃകരണം അവളോടങ്ങനെ മന്ത്രിച്ചു.

മാധവി എന്നെ പരിഹസിക്കട്ടെ. പക്ഷെ ഞാൻ അവളെ വെറുക്കുകയില്ല. നിവൃത്തിയുണ്ടെങ്കിൽ അവളുടെ ദുർവിചാരങ്ങളെ ദൂരീകരിക്കാൻ ഞാൻ ശ്രമിക്കും. മനുഷ്യസ്വഭാവത്തിനു പൊതുവെ ഒരു ഐക്യതയുണ്ടു്. അവരവരിലില്ലാത്ത ഏതെങ്കിലും വിശേഷത മറെറാരാളിൽ കണ്ടാൽ ചിലൎക്ക് അതസഹ്യമാണ്. പലൎക്കും തോന്നാവുന്ന ചില വിഭിന്നവിചാരത്തിനു് അവളും അധീനയാകുന്നതു് ആശ്ചര്യമല്ല. വെളിച്ചമുള്ളേടത്തു് ഒരിക്കലും ഇരുട്ടു പ്രകാശിക്കുന്നില്ല. ഞാൻ ഇനിയും അവളെ സ്നേഹിക്കുതന്നെ ചെയ്യും.

വിമലയുടേയും ആ ഭവനത്തിലെ പൂൎവ്വനിവാസികളുടേയും നേത്രങ്ങൾ പരസ്പരം ഇടഞ്ഞിടഞ്ഞു ദിവസങ്ങൾ രണ്ടു മൂന്നു കഴിഞ്ഞു. നിരസത്തിൻെറ നേരിയ നിഴലുകൾ അല്ലാതെ അവൾക്കു് അവരുടെ മുഖത്തു കാണ്മാൻ കഴിഞ്ഞില്ല. ഒരു ദിവസം അവൾക്കായി കഴിഞ്ഞുകൊടുത്ത മുറിയിൽ ചിന്താകുലയായി ഇരിക്കുയായിരുന്നു. മാധവി ആദ്യമായി ആ മുറിയിൽ കടന്നു. വിമലയുടെ മുഖത്തു് അവൾ അമ്പരന്നു നോക്കി. ആ മുഖം സച്ചിന്തകളുടെ സാത്വികതേജസ്സിനാൽ ഉജ്ജ്വലമായിരുന്നു. അകളങ്കമായ പ്രേമത്തിൻെറ ഒരു കലൎപ്പും കൂടി ആ മുഖത്തിൽ കളിഞ്ഞുകാണാം. മാധവി അറിയാതെ തന്നെ അവളുടെ ഹൃദയത്തിൽ കരുണഭാവം പരന്നുകഴിഞ്ഞു. പക്ഷെ വിമലയോടു ശാഠ്യമോടല്ലാതെ പെരുമാറാൻ മാധവിയുടെ ദുരാസക്തി അനുവദിച്ചുമില്ലാ. അവർ സ്വതേ സന്മനസ്സുള്ളവളാണെങ്കിലും വിമലയോടു അങ്ങനെ കാണിക്കുാൻ അവൾക്കു കഴിഞ്ഞില്ലാ. അവൾ വിമലയെ ദ്വേഷ്യത്തോടുകൂടി നോക്കിക്കൊണ്ടുനിന്നു. വിലയുടെ: മുഖത്തു് പുഞ്ചിരിയും അസ്വാസ്ഥ്യവും സാന്ദ്രമായി പരന്നു. അവൾ പറഞ്ഞു. മാധവി ഞാൻ ദുഃഖിതയാണു്!

മാധവി—അതെ, നീ സൈ്വരിണിയുംകൂടിയത്രെ.

അല്പസമയം നിശ്ശബ്ദമായിരുന്നു.

മാധവി—പൈങ്കിളി പൈതലിനെപ്പോലെ പാലും പഴവും നൾകി കാററും വെയിലും കൊള്ളാതെ വളൎത്താൻ നിനക്കിവിടെ ആരുമില്ലാ.

വിമല.—ഞാൻ അങ്ങനെ വളൎന്നവളല്ലാ. ജീവിതത്തിനുവേണ്ടി പരിമിതമായ സൗകൎയ്യമേ എനിക്കാവശ്യമുള്ളൂ.

മാധവി.—ഏകാന്തമായി ഈ മുറിയിൽ ഇങ്ങനെ കഴിഞ്ഞാൽ ആ സൗകൎയ്യവും അസാദ്ധ്യമാണു്—പ്രവൃത്തി . . . . .

വിമല.—മാധവി! എനിക്കതിൽ മടിയില്ലാ. സൌഹാൎദ്ദമായി എന്നെകൂടി സഹകരിപ്പിച്ചാൽ എനിക്കു പ്രവൎത്തിചെയ്യുന്നതു് ഉത്സാഹമാണു്.

മാധവി:—വേണ്ടാ, നിൻെറ സാന്നിദ്ധ്യം ഞാൻ ആശിക്കുന്നില്ലാ.

വിമലയുടെ മുഖത്തു ശോണിതഛവി പരന്നു. ആ മുഖം ഒന്നു വിളൎത്തു. സാധു വിമലേ! നിൻെറ ഹൃദയം ദുഃഖചിന്തകൾക്കു് വിളനിലമാണു്.

ധാൎഷ്ട്യത്തോടുകൂടി മാധവി ആ മുറവിട്ടുപോന്നു. അവൾ അവളുടെ മുറിയിൽ കടന്നു ഒരു ഭാഗത്തേക്കു് ദൃഷ്ടിയുറപ്പിച്ചു് അരമണിക്കൂർ

കഴിഞ്ഞു. മാധവിയുടെ നേത്രങ്ങൾ ഇതുവരേയും ആ ഭാഗത്തു നിന്നും പിന്തിരിഞ്ഞില്ലാ. നിന്നിമേഷയായി വീണ്ടും അതേനിലയിൽ നിന്നു. അവളുടെ നെററിത്തടം സ്വേദബിന്ദുക്കളെണിഞ്ഞു. കണ്ണുകൾക്ക് ഒരു ചലനമുണ്ടായി. അവയിൽനിന്നും അടന്നുവീണ കണ്ണുനീർ കോപം പരന്നിരുന്ന കവിൾത്തടങ്ങളിൽക്കൂടി ഒലിച്ചു നിലംപതിച്ചു. സമയം കുറെകഴിഞ്ഞു. മാധവിയുടെ ഹൃദയം ആർദ്രതയും പശ്ചാത്താപവും കൊണ്ട് തരളമായി. സുശീലയായ വിമലയുടെ നേക്കു വിരോധമായി വർത്തിക്കുവാൻ വിവേകമുള്ള മാധവിക്ക് അസാദ്ധ്യമായിതീന്നു. വിമലയുടെ മുറിയിൽ പോയി അവളെ ആശ്വസിപ്പിച്ചു ക്ഷമാപണം ചെയ്യാൻ സന്നദ്ധമായ മനസ്സിന്റെ പരിശുദ്ധത ആകർഷകമത്രെ. മാധവി ദുരഭിമാനലേശം കൂടാതെ വിമലയുടെ മുറിയിൽ കടന്നു. നിമ്മലമായ വികാരസ്ഫുരണം മാധവിയുടേ മുഖത്തു് പരന്നിരുന്നതു് വിമല ദശിച്ചു; അവൾ പറഞ്ഞു:

മാധവി — നീ സഹൃദയതന്നെയാണ്. ആ മുഖം എത്ര തേജഃസമ്പൂണ്ണമായിരിക്കുന്നു! ഹൃദയശുദ്ധിയുടെ പ്രതിഫലനം!

അവരുടെ മൃണാളമായ പാണികൾ പരസ്പരം അടുത്തു. ഒരു ഗാഢാശ്ലേഷത്താൽ അവർ ഏകോപിച്ചു.

വിമലേ! ക്ഷമിക്കൂ!

മാധവി, നീ എന്നെ കളിയാക്കുന്നുവോ ഞാൻ എന്താണു ക്ഷമിക്കേണ്ടതു്.

മാധവിയുടെ മാതാവു യാദൃശ്ചികമായി ആ മുറിയിൽ എത്തി. ആ രംഗം അവരെ അത്ഭുതപരതന്ത്രയാക്കി. അവരും അതിൽ സന്മനസ്സോടുകൂടി പങ്കുകൊണ്ടു. ആ ഭവനം ശാന്തിനികേതനമായി പരിലസിച്ചു.

* * * * *

ദിവസങ്ങൾ കുറെ കഴിഞ്ഞു. വിമലയുടെ മുഖം സൗന്ദര്യോജ്ജ്വലമെങ്കിലും ഹൃദയഭാരത്തിന്റെ നേരിയ ഒരു മുകിൽമാല ആ മുഖത്തിൽ കാണാം. അവളോട് അവിടെ എല്ലാവക്കും സ്നേഹം വദ്ധിച്ചു.

നേരം ഒരു സായാഹ്നം. ദീപ്തിമത്തായ ഒരു മുഖം വിമലയുടെ പുതിയ പാപ്പിടത്തിനു സമീപമുള്ള വഴിയിൽ അവൾ കണ്ടു. അതു് വിജയന്റെ മനോഹരമായ രൂപമായിരുന്നു. ധനാഢ്യനായ ആ യുവാ

വു നിസ്സങ്കോചം വിമലയുടെ വീട്ടിലേക്കു കടന്നു. വിജയൻ ആ ഗൃഹാധിപനോടു പറഞ്ഞു. എന്നെ അറിയുകയില്ലേ?

ഗൃ- അറിയും.

വി- അപവാദങ്ങൾ ആർക്കും അസഹ്യമാണു. എനിക്കു വിമലയെ വിവാഹം ചെയ്തുതരുമോ?

ഗൃ- എനിക്കതു് ഏററവും സന്തോഷമാണു്. അവളുടെ അമ്മയുടെയും മററം അനുവാദം വേണ്ടേ?

വി- അതു കിട്ടിക്കഴിഞ്ഞു. അടുത്ത പ്രഭാതത്തിൽ അവർ ഇവിടെ വരുമത്രേ. നിരാഡംബരമായി ഞങ്ങളുടെ ആ പാവനകർമ്മം അടുത്ത പ്രഭാതത്തിൽ നിർവ്വഹിക്കണം.

അമൃതു തളിച്ചപോലെ ഒരാനന്ദം വിമലയുടെ ശ്രോത്രേന്ദ്രിയങ്ങളിൽകൂടി കടന്നു ശരീരമാകെ വ്യാപിച്ചു! അവൾ മുറിയിൽ ജനാലക്കു സമീപം അതു ശ്രദ്ധിച്ചു നിന്നിരുന്നു। അവളുടെ ഹൃദയത്തിൻെറ ശീതസ്പന്ദനം അത്യാനന്ദകരമായ ഒരദൃശ്യലോകത്തിലേക്കു് അവളെ ആനയിക്കുന്നതായി തോന്നി। നിഷ്കന്മഷനായ വിജയൻെറ മനോവിശാലതയെപ്പററി ഓർത്തപ്പോൾ അവളുടെ ഇളംമനസ്സു് ആ യുവസുന്ദരൻെറ പാദപങ്കേരുഹത്തിൽ മന്ദമന്ദം ഉരസി.

വിജൻെറ പ്രസന്നമായ നേത്രദ്വന്ദം ഉദ്ദേശ്യമില്ലാതെ ഏതോ ഒരു ലക്ഷ്യത്തിലേക്കു് ആ ഭവനത്തിൽ അല്പസമയം സഞ്ചരിച്ചു ഒടുവിൽ ഗൃഹാധിപതിയോടു് മന്ദസ്മേരപൂർവ്വം യാത്രചൊല്ലിയിറങ്ങി. വിമല അന്നുറങ്ങിയതേയില്ല.

മംഗളകരമായ അടുത്ത പ്രഭാതവും സമാഗതമായി. ഒരു ചെറിയ ആൾക്കൂട്ടം. ഹൃദയംഗമമായ വേദമന്ത്രങ്ങളുടെ ഓങ്കാരാരവത്തിനിടയിൽ ആ യുവമിഥുനങ്ങളുടെ കണ്ഠദേശങ്ങൾ സുവർണ്ണമാല്യങ്ങളാൽ അലംകൃതമായി—ധനാഢ്യനായ വിജയൻെറ ആഡംബരരഹിതമായ ആ സൽകർമ്മം പരിസരവാസികൾ കൊണ്ടാടി. ലോകത്തിൻെറ അപവാദങ്ങൾ താനെ അസ്തമിച്ചു. വിജയകാഹളം മുഴങ്ങി.

# ഹെർ ഹിററ്ലർ.

(ഉദയശങ്കർ.)

## ഇതു് ആരു വിശ്വസിക്കുമായിരുന്നു!

അന്യരാജ്യത്തുനിന്നും തെണ്ടിത്തിരിഞ്ഞുവന്നു പട്ടിണികൊണ്ടു വട്ടം കറങ്ങിയ ഒരു ചുമരുതേപ്പുകാരൻ നെപ്പോളിയൻേറതുപോലെ ഒരു സ്ഥാനത്തു എത്തുമെന്നു പറഞ്ഞാൽ അന്നു് ആരു വിശ്വസിക്കുമായിരുന്നു.

അറന്തുററമ്പത്തു ലക്ഷം വരുന്ന ഒരു സൈനികവർഗ്ഗം മുഴുവൻ ഇന്നു ഈ മനുഷ്യനെ തങ്ങളുടെ അമാനുഷശക്തിയുള്ള രക്ഷിതാവായി ഗണിച്ചുവരുന്നു. അഡോൾഫ് ഹിററ്ലറിൻെറ വികാരഭരിതമായ പ്രസംഗം കേൾക്കുമ്പോൾ പുരുഷന്മാരുടെ കണ്ണുകൾ നിറയുകയും സ്ത്രീകളുടെ കാൽമുട്ടുകൾ മടങ്ങുകയും ചെയ്യുന്നു. പരസ്യവും രഹസ്യവുമായ എല്ലാ ടെലിഫോൺ സംഭാഷണങ്ങളും അദ്ദേഹത്തിൻെറ നാമോച്ചാരണത്തോടെയാണു് ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നതു്. എഴുത്തുകവറുകളിന്മേൽ ആ മുദ്ര കാണുന്നില്ലെങ്കിൽ അതു് ഒരു ഭാവിശ്രേയഃപിശുനശകുനമായി ജർമ്മൻകാർ കരുതിവരുന്നു. ആൽപൈൻമലകളുടെ മഞ്ഞു നിറഞ്ഞ കൊടുമുടികൾ ഹിററ്ലരുടെ ഛായയെ ബെചേറിയായിലെ ആകാശംവരെയുമാണു് ഉയർത്തുന്നതു്. യാഥാസ്ഥിതികരായ കൃഷകർ അവരുടെ പ്രേമഭാജനങ്ങളായ കന്നുകാലികൾക്കു ഈ അത്ഭുതശക്തിയുള്ള പേരിടുന്നു.

അഭൂതപൂർവ്വമായ ഒരു ശക്തിയാണു ഇന്നു് ഹിററ്ലരുടേതു്. ജന്മയോദ്ധാക്കളായ ഒരു വീരജനതയുടെ പരമമായ മതവും രാജതന്ത്രവും ഈ ഒരു പുരുഷനിൽ കേന്ദ്രീകരിച്ചിരിക്കുന്നു. മററാരെക്കാളുമധികം ഹിററ്ലരാണു സർവ്വരാജ്യസമിതിയുടെ കാലൊടിച്ചതു. ഹിററ്ലരുടെ പേരു കേൾക്കുമ്പോൾ പ്രബലമായ ഫ്രാൻസ കിടുകിടെ വിറയ്ക്കുന്നു. അദ്ദേഹത്തിൻെറ അപ്രതിഹതമായ ശക്തിയുടെ മുമ്പിൽ കോട്ട കെട്ടുവാനായി ചെറിയ ബെൽജിയവും 'സഞ്ചാരികളുടെ സ്വർഗ്ഗ'മായ സ്വിററ്സർലാണ്ടും ലക്ഷക്കണക്കിനാണു പണം ചിലവഴിക്കുന്നതു്. യൂറോപ്പിലെ എല്ലാ രാഷ്ട്രങ്ങളും—ഗ്രെയ്ററ് ബ്രിട്ടൻകൂടി—ഈ ഒരു മനുഷ്യൻെറ അന്യാദൃശമായ ഉയർച്ച കണ്ടു് അമ്പരന്നുപോയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ബിസ്മാർക്കിനു തൻെറ ഏററവും നല്ല കാലത്തുണ്ടാ

യിരുന്ന ശക്തിയേക്കാൾ എത്രയോ വലിയ ഒരു ശക്തിയുടെ അധിശനാണിന്ന് അഡോൾഫ് ഹിററ്ലർ. ഒരു പാവപ്പെട്ട വിദേശിയശില്പി (ഹിററ്ലർ 'ജർമ്മൻകാരൻ'ആയിട്ട് അര ഡസൻ കൊല്ലങ്ങളേ ആയിട്ടുള്ളൂ!) ഇന്നു സീസറുടെ സ്ഥാനത്തിരിക്കുന്നു !

ഹിററ്ലരുടെ അത്ഭുതപൂർവ്വമായ ഈ ഉയർച്ചയുടെ രഹസ്യമെന്ത്? 1923-ൽ എട്സ്റ്റ്റാസ് ജയിലിൽ ഒരു തടവുപുള്ളിയായിരിക്കുമ്പോൾ ഹിററ്ലർ എഴുതിയ ആ പുസ്തകത്തിൽ അതിനെ വിവരിക്കുന്നുണ്ട്. നവജർമ്മനിയുടെ ബൈബിളാണ് ആ പുസ്തകം. 'മെയിൻകാംഫ്' (എന്റെ യുദ്ധം) എന്നാണ് അതിന്റെ പേര്. ലോകത്തിൽ ഏററവും അധികം ചിലവാകുന്ന പുസ്തകങ്ങളുടെ കൂട്ടത്തിൽ ഇതിനിന്നു എതിരില്ല. തന്റെ ജീവിതകഥയും രാഷ്ട്രീയതത്വങ്ങളും അടങ്ങിയ ഈ പുസ്തകം വിററുകിട്ടുന്ന പണം മാത്രമാണ് അഡോൾഫ് ഹിററ്ലറിന്റെ ഒരേ ഒരു വരുമാനം.

കൊടിയതായ ദാരിദ്ര്യമാണു ആസ്ത്രിയായിലെ ഈ ഗ്രാമീണബാലനെ വിയന്നായിലേക്കു ഓടിച്ചതു്. കൊട്ടാരവൃത്തങ്ങളിലെ ധാരാളിത്വവും തെരുവീഥികളിലെ ദാരിദ്ര്യവും തമ്മിലുള്ള ഭയങ്കരമായ ആ വൈപരീത്യം അവനെ അതിവേഗത്തിൽ ഒരു സ്ഥിതിസമത്വവാദിയാക്കി. വിയന്നായിലെ വിനോദകേന്ദ്രമായ റിങ്ങ് സ്ട്രാസ്സിൽ തൊഴിലില്ലാത്ത അനേകായിരം യുവാക്കന്മാർ അലഞ്ഞു തിരിയുന്നതു അവൻ കണ്ടു.

ആ യുവാവു് അന്നു പട്ടിണി കിടന്നു മരിച്ചില്ലെന്നു മാത്രമേയുള്ളൂ. അതുവരെക്കുമുള്ള എല്ലാത്തരം കഷ്ടപ്പാടുകളും അയാൾ അനുഭവിച്ചു. എന്നാൽ അന്നും ഒരു അഖിലജർമ്മൻ യൂണിയനെ അയാൾ സ്വപ്നം കണ്ടിരുന്നു. "എന്റെ പ്രിയപ്പെട്ട മാതൃഭൂമി നമ്മുടെ പൊതുവെയുള്ള മാതൃഭൂമി—അതായതു ജർമ്മനി—ആണ്"—അദ്ദേഹം അന്നേ ഇങ്ങിനെ പറയാറുണ്ട്. ഈ ചക്രവർത്തിമാർ ആരാണ്? തിററിപ്പണ്ടങ്ങൾ! ഈ പാർലിമെണ്ടുകൾ എന്താണു? കാര്യമായി യാതൊന്നും ചെയ്യാതെ വെറുതെ സമയം പാഴാക്കുന്ന ഒരുതരം ചന്തസ്ഥലങ്ങൾ!—ഇങ്ങിനെയായിരുന്നു അന്നു ഹിററ്ലർ പ്രസംഗിച്ചുകൊണ്ടു നടന്നിരുന്നതു്. അപ്രസിദ്ധനായ ഒരു തൊഴിലാളിക്കു ഏററവും ആപൽക്കരങ്ങളായ ചില അഭിപ്രായപ്രകടനങ്ങൾ! എന്നാൽ ഹിററ്ലർ ആപത്തിനെ വെല്ലുവിളിക്കുന്നവനാണ്. അടുത്ത നേരത്തെ ഭക്ഷണം എവി

ടെ കിട്ടുമെന്നറിയാതെ അരിഷ്ടിച്ചിരുന്ന ആ ചെറുപ്പക്കാരന്റെ ഹൃദയത്തിൽ ഒരു തീവ്ര വിപ്ലവത്തിന്റെ തീപ്പൊരികൾ ജ്വലിച്ചു തുടങ്ങിയിരുന്നു. "എന്റെ ജീവിതത്തിലെ ഏററവും ദുരിതങ്ങളൊക്കെ ഞാൻ വിയന്നായിൽ വെച്ചു കഴിച്ചുകൂട്ടി" എന്ന് അദ്ദേഹം തന്റെ പുസ്തകത്തിൽ പറയുന്നുണ്ടു.

1914-ൽ മഹായുദ്ധം പൊട്ടി. ജർമ്മനിക്കു വേണ്ടി പടവെട്ടുവാൻ ഹിററ്ലർ വെമ്പുകയായിരുന്നു. ബവേറിയായിലെ ലുഡ്വിഗ് രാജാവിന്റെ കീഴിൽ അദ്ദേഹം ജർമ്മനിയുടെ ശത്രുക്കളോടു പടവെട്ടി. 1916-ഒക്ടോബർ മാസത്തിൽ കഠിനമായ പരുക്കേററ ഹിററ്ലർക്കു ബർലിനിലെ പട്ടാളാശുപത്രിയെ ശരണം പ്രാപിക്കേണ്ടിവന്നു. ഏതാണ്ടു നടക്കാറായതോടുകൂടി അദ്ദേഹം തെക്കോട്ടു മ്യൂണിച്ചിലേക്കുപോയി. അവിടെനിന്നു സമരണിയിലേക്കും.

ഒരു കോർപൊറലിനേക്കാൾ വലിയൊരു സ്ഥാനത്തു ഹിററ്ലർ ഒരിക്കലും എത്തുകയുണ്ടായില്ല. അനേകായിരത്തിൽ ഒന്നു എന്നല്ലാതെ അത്ര സ്മരണീയമായ യാതൊരു സ്ഥാനവും ഹിററ്ലർക്കു സൈന്യത്തിൽ ലഭിക്കുകയുണ്ടായില്ല. ഹിററലറിന്റെ സമയം വരുന്നതെ ഉണ്ടായിരുന്നുള്ളു.

അപ്പോഴാണ്--1918-ൽ ജർമ്മനിയുടെ ആ തകരലുണ്ടായതു. കോർപൊറൽ ഹിററ്ലർ ഒരിക്കൽകൂടി തന്റെ പ്രിയപ്പെട്ട മ്യൂണിച്ചിലേക്കുവന്നു. ഒരു കൈത്തോക്കുപോലും തൊടാതെകണ്ടു, പണം സമ്പാദിക്കുവാൻ മാത്രമായി ഈ യുദ്ധകാലത്തെ വിനിയോഗിച്ച അനേകായിരം ജൂതന്മാരെ അദ്ദേഹം അന്ന് അവിടെ കണ്ടു. ആ കാഴ്ച ഹിററ്ലർ ഒരിക്കലും മറക്കുകയുണ്ടായില്ല.

അടുത്തുണ്ടായ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ നേതാക്കന്മാരെ ഹിററ്ലർ വെറുത്തു. "രാഷ്ട്രത്തെ മുടിപ്പിച്ച ചതിയന്മാർ" എന്നാണു ഹിററ്ലർ അവരെ വിളിക്കുന്നതു്. അവസാനം, ഹിററ്ലർ തന്റെ യഥാർത്ഥമായ ജീവിതവ്യാപാരത്തിൽ ഏർപ്പെടുവാൻതന്നെ നിശ്ചയിച്ചു. "ഞാൻ ഒരു രാജ്യതന്ത്രജ്ഞനാകുവാൻ നിശ്ചയിച്ചു."

എന്നാൽ ഹിററ്ലരുടെ പുതിയ വഴി പൂവിരിച്ചതായിരുന്നില്ല. അസംതൃപ്തരായ കുറെ ഗൂഢാലോചനക്കാർ ഉപരിപ്ലവബുദ്ധിയായ ഒരു പട്ടാളക്കാരന്റെ പിന്നാലെകൂടി എന്നു മാത്രം. മ്യൂണിച്ചിലെ ഒരു ബിർഷാപ്പിൽവെച്ച് അവർ ഒരു സഭകൂടി. അനന്തരകാലത്തു ലോക

ത്തെ തുടരെത്തുടരെ അത്ഭുതപ്പെടുത്തിയതിന്റെ വിക്രിയകളിലൊന്നു അന്നു പ്രയോഗിക്കുവാൻ ഹിററ്ലർ നിശ്ചയമാക്കി. നാട്ടിലെ സൈനികരും ഇതരവുമായ വലിയ ഉദ്യോഗസ്ഥന്മാരെ തന്റെ ഒരു പ്രസംഗം കേൾക്കുവാനാണെന്നു പറഞ്ഞു ഹിററ്ലർ ക്ഷണിച്ചിരുന്നു. എന്നാൽ ആ പ്രസംഗത്തിനുശേഷം തങ്ങളുടെ ഗൃഹസ്ഥൻ ചെയ്യു ഒരു അസാധാരണ കൃത്യം ആ അതിഥികളെ അമ്പരിപ്പിച്ചു. തന്റെ സ്ഥാനത്തുനിന്നും പൊടുന്നനെ എഴുന്നേററുനിന്ന ഹിററ്ലർ ഒരു കൈത്തോക്കെടുത്തു മേല്പോട്ടുവെടിവെച്ചുകൊണ്ടു ഇങ്ങിനെ നിലവിളിച്ചു പറഞ്ഞു. "ഒന്നിലൊ ഒരു പുതിയ ഗവർമ്മേണ്ടു അല്ലെങ്കിൽ ഞങ്ങളൊക്കെ ശവങ്ങൾ-രണ്ടാലൊന്നു നാളെ സംഭവിക്കും."

കരു നിരത്തിക്കഴിഞ്ഞു. നാസികക്ഷിക്കാർ അവരുടെ പോർവിളി തുടങ്ങി. എന്നാൽ ആ നവമ്പർമാസം അവൎക്കു ആനന്ദപ്രദമായിരുന്നില്ല. ജൎമ്മനിയിൽ മുഴുവൻ അന്നു കുഴപ്പങ്ങൾക്കു മേൽ കുഴപ്പങ്ങളായിരുന്നു. നാണയത്തിന്റെ വിലയ്ക്കു ഒരു ക്ലിപ്തമില്ല. ഒരു നേരത്തെ ഭക്ഷണത്തിനു ഇന്നു ഒരു ലക്ഷം മാൎക്ക്സ് എങ്കിൽ നാളെ അഞ്ചു ലക്ഷം മാൎക്ക്സ് ആയേക്കും. അത്ര അനിശ്ചിതമായിരുന്നു സാമ്പത്തികാവസ്ഥ. ഫ്രഞ്ചുസൈന്യങ്ങൾ ജൎമ്മൻ മണ്ണിൽ കൂടാരമടിച്ചു കൂത്തടിച്ചിരുന്നു. ബവേറിയ കേന്ദ്രഗവൎമ്മേണ്ടിൽനിന്നും ഭിന്നിച്ചുള്ള നിലയെയാണു അവലംബിച്ചിരുന്നതു. രാജ്യം മുഴുവൻ പരാജിതരും അസംതൃപ്തരുമായ പട്ടാളക്കാരുടെ കൂത്തരങ്ങു--ആകപ്പാടെ, ജൎമ്മനി അന്നു ഒരു നരകം തന്നെയായിരുന്നു.

ഹിററ്ലർ തന്റെ നാസി സംഘത്തോടുകൂടി ലൂഡ്‌വിഗബ്രൿവരെ പോയി. വഴിനീളെ, കണ്ടവരെ കണ്ടവരെ, അവർ നിരായുധരാക്കി. എന്നാൽ ഓഡൻസ്സ്പാൾസിൽ വെച്ചു അവരെ ഗവൎമ്മേണ്ടു സൈന്യങ്ങൾ തടഞ്ഞു. ഹിററ്ലരും കൂട്ടരും പിരിഞ്ഞുപോവണമെന്നു മൂന്നു കുറി അവർ താക്കീതു ചെയ്തു. പക്ഷെ, അങ്ങിനെ അത്ര വേഗം പിൻതിരിയുന്നവരല്ലായിരുന്നു അവർ. എന്നാൽ ദാക്ഷിണ്യമെന്നതു ന്നുള്ളതു പട്ടാളക്കാൎക്കും നിശ്ചയമില്ലായിരുന്നു. അവർ വെടിവെച്ചു. നാസി കക്ഷിയിലെ പതിനാറു 'ദേശഭക്തന്മാർ' അന്നു അവിടെ വീണു. മററുള്ളവർ നാലുപാടും ഓട്ടമായി.

ഹിററ്ലരും ഓടിയൊളിച്ചു. ഹിററ്ലരുടെ ഇന്നത്തെ പ്രധാന സചിവനായ ഹെർവാൻ ഗോറിങ്ങ് തന്റെ ഒടിഞ്ഞ കാലുംകൊണ്ടു

ഇൻസ്ബ്രൂക്ക്‌വരെ നൊണ്ടി. കാപ്ടൻ റോഹം തന്റെ നായകനോടു കൂടി ഉടനെത്തന്നെ പിടിക്കപ്പെട്ടു. തെമ്മാടിത്തം ചെയ്ത കുറ്റത്തിനു അഡോൾഫ് ഹിറ്റ്ലരെ നാലുകൊല്ലം തടവിലിടുവാനാണ് കോടതി വിധിച്ചതു്.

ആസ്ത്രിയായിൽ നിന്നും തെണ്ടിത്തിരിഞ്ഞു വന്ന ഈ തെമ്മാടി ഒരു പത്തുകൊല്ലത്തിനുള്ളിൽ ഒരു ദേവനാവുമെന്നു 1923-ലെ ആ ജർമ്മനി തെല്ലും ഓർത്തിരിക്കയില്ല എന്നാൽ അന്നു മ്യൂണിച്ചിലെ തെരുവീഥികളിൽ വെച്ചു പേപ്പട്ടികളെപ്പോലെ കൊല്ലപ്പെട്ട ആ ദേശാഭിമാനികളെ ലോകർ മറക്കുവാൻ ഹിറ്റ്ലർ സമ്മതിക്കുകയില്ല. ആ ദിനത്തെ ഇന്നും കൊല്ലാകൊല്ലം ഹിറ്റ്ലർ ആഘോഷിക്കുന്നതുപോലെ അത്ര മഹത്തും ഉജ്ജ്വലവുമായ ഒരു കാഴ്ച ലോകത്തിൽ എവിടെയെങ്കിലും ഉണ്ടോ എന്നു സംശയമാണ്. 195 മഹാനഗരങ്ങളുടെ പ്രതിനിധികൾ ഔദ്യോഗികവേഷത്തിൽ അവിടെ സമ്മേളിക്കുന്നു. മക്കയിലേക്കും ജറുസലേമിലേക്കും പോകുന്ന തീർത്ഥയാത്രക്കാരെപ്പോലെ ഭക്തിയോടും ആൾപ്പെരുപ്പോടുംകൂടി ജനങ്ങൾ കൂടുന്നു. നാലുകോടി ജർമ്മൻ വോട്ടുകൾ ഹിറ്റ്ലർക്കു കിട്ടിയ ആ അത്ഭുത നാടകത്തിന്റെ നാന്ദി അഭിനയിച്ച ആ രംഗമായിരുന്നല്ലോ അതു്. ജർമ്മനിയിൽ ഏതെങ്കിലും ഒരു നിലയിൽ ഒരു സ്ഥാനമുള്ളവരെല്ലാം അവിടെ സമ്മേളിക്കുന്നു. 1923-ലെ ആ 'രക്തപതാക' പാറിപ്പിച്ചുകൊണ്ടു ആ സൈനികപംക്തി വരുമ്പോൾ സംഖ്യയില്ലാത്ത ആ പുരുഷാരം മുഴുവൻ നിശ്ശബ്ദം അതിനെ അഭിവാദ്യം ചെയ്യുന്നു. അപ്പോഴേക്കും ഹിറ്റ്ലർ പ്രവേശിക്കയായി— ആ ചൊവചൊവക്കുള്ള നടത്തയോടും, ആ ചൊടിമിശയോടും, നെററിമേൽ വീണുകിടക്കുന്ന ആ തലമുടിയോടുംകൂടി. 'ഹെയിൽ ഹിറ്റ്ലർ' എന്നു് അനേകായിരം കണ്ഠങ്ങളിൽനിന്നു ഒരേ ശ്വാസത്തിൽ പുറപ്പെടുന്ന ധന്യവാദത്താൽ അന്തരീക്ഷം മുഴുവൻ മുഴങ്ങുകയായി. ജർമ്മനിയേയും ഹിറ്റ്ലരേയും പുച്ഛിക്കുന്ന വിദേശികൾക്കുകൂടി രോമാഞ്ചമുണ്ടാവുന്ന ഒരു കാഴ്ചയത്രെ അതു്!

ഒരു മഹാജനസമുദായത്തിന്റെ ആത്മാവിനെ ഇത്രമാത്രം നിയന്ത്രിക്കുന്ന ഈ പുരുഷനു എന്തൊരു മാന്ത്രികശക്തിയാണുള്ളതു്? മുസ്സോളിനിയെപ്പോലെയും സ്റ്റാലിനെപ്പോലെയും ജനസാമാന്യത്തെ ആകർഷിക്കുവാൻവേണ്ടി പാടുപെടുന്ന ഒരു സർവ്വാധിപതിയല്ല ഹിറ്റ്ലർ. സന്ദർഭം ഏതു തന്നെയായിക്കൊള്ളട്ടെ, അതിനു പ്രത്യേകമായി ഹിറ്റ്ലർ

'ഡ്രസ്സ്'' ചെയ്യാറില്ല. ഈ പണ്ടത്തെ ആസ്ത്രിയൻ തൊഴിലാളി ഇന്നും ഏറെക്കുറെ ഒരു ദരിദ്രനാണ്. വിലപിടിച്ച വസ്ത്രഭൂഷകളണിഞ്ഞ വിദേശിയരാജപ്രതിനിധികളുടെ കൂട്ടത്തിൽ നില്ക്കുമ്പോൾ ഇന്നും ഹിററ്ലക്കു വക്തവ്യമായ ഒരു അസ്വാസ്ഥ്യമുണ്ട്.

സംഗീതത്തിൽ അസാമാന്യമായ ഭ്രമമാണു ഹിററ്ലക്കുള്ളതു്. ലോകപ്രസിദ്ധമായ വാഗ്നർ തിയററിൽവെച്ചു മധുരസ്വരമുള്ള ഒരു പാട്ടുകാരനെ ഈയിടെ ഹിററ്ലർതന്നെ മേശമേലേക്കു ക്ഷണിച്ചു-- അയാൾ ഒരു ജൂതനായിട്ടുകൂടി അഡോൾഫ ഹിററ്ലർക്കു ജൂതന്മാരോടുള്ള വെറുപ്പിനെക്കാൾ അധികം സംഗീതത്തോടു പ്രതിപത്തിയുണ്ടെന്നുള്ളതു് അന്നാണു ലോകം നല്ലവണ്ണം മനസ്സിലാക്കിയതു്.

ഹിററ്ലർ ഒരിക്കലും പൊകവലിക്കാറില്ല. അദ്ദേഹം ഒരു തനി സസ്യഭുക്കാണ്. എത്രയോ ലളിതമാണ് അദ്ദേഹത്തിൻെറ വിനോദങ്ങൾ. അപ്പവും ഫലങ്ങളും നിറഞ്ഞ ഒരു സഞ്ചി പുറത്തു തൂക്കിയിട്ടു, തനിക്കു ഏററവും പ്രിയപ്പെട്ട ആ വലിയ നായാട്ടുനായയെമാത്രം കൂട്ടുപിടിച്ചു, ആൽപ്സ് പർവ്വതത്തിലെ മഞ്ഞിൻകട്ടകളിന്മേൽ ഓടിക്കളിക്കുന്നത്ര രസം അദ്ദേഹത്തിനു മററൊരു കാര്യത്തിലുമില്ല. സന്ധ്യയോടുകൂടി കളി അവസാനിപ്പിച്ചു, സമീപത്തുതന്നെയുള്ള സഹോദരിയുടെ ഗൃഹത്തിലേക്കു അദ്ദേഹം പോകുന്നു. വളരെ എളിയനിലയിലുള്ള അത്താഴത്തിനുശേഷം പത്തുമണിവരെ അവർ തീക്കടുക്കൽ സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നു. അതിനുശേഷം ഉറങ്ങുകയായി. ഇത്രയും ലളിതമായ ജീവിതം നയിക്കുന്ന ഈ മനുഷ്യൻ, വിദഗ്ദ്ധനായ ഒരു ഭാഗവതർ തൻെറ ലോലമായ വീണക്കമ്പികളെയെന്നപോലെ, വമ്പിച്ച ഒരു സൈനികവർഗ്ഗത്തെ മുഴുവൻ ഇഷ്ടംപോലെ ചലിപ്പിക്കുന്ന ആ കാഴ്ച ഏററവും ഹൃദയസ്പൃക്കായ ഒന്നാണ്.

തൊപ്പി ധരിക്കാതെയാണു ഹിററ്ലർ എപ്പോഴും പൊതുയോഗങ്ങളിൽ പങ്കെടുക്കുന്നതു്. കയ്യിലെ ആ ചാവുക്കയുംകൊണ്ടു പ്രസംഗമണ്ഡപത്തിലേക്കു ഹിററ്ലർ വരുന്ന ആ വരവും, പ്രേക്ഷകന്മാരുടെ ആ നിലവും കണ്ടാൽ, അനേകം നൂറാണ്ടുകൾക്കു മുമ്പു അറേബിയൻ ഭക്തന്മാരുടെ മദ്ധ്യത്തിലേക്കു മഹമ്മദ് പ്രവേശിച്ച ഒരു ചിത്രമാണ് ഓർമ്മയിൽ വരിക. മുസ്സോളിനിയെപ്പോലെ, തൻെറ വായ മുഴുവൻ പൊളി

ച്ച്, തൊണ്ട പൊട്ടുമാറ ഉച്ചത്തിൽ ഹിററ്ലർ പ്രസംഗിക്കുന്നില്ല. എന്നാൽ ഇടക്കിടക്ക് അദ്ദേഹത്തിൻെറ ശബ്ദത്തിൽ ഒരു ഉരയൽ ഉയൎന്നു കേൾക്കുന്നു. മുഖത്തെ മാംസപേശികൾ മുഴുവൻ ഉദ്ധൃതങ്ങളാവുന്നു. മുഷ്ടി ചുരുകി മുറുകുന്നു. കണ്ണുകളിൽ അഭൂതപൂൎവ്വമായ ഒരു തിളക്കമുണ്ടാവുന്നു. വികാരഭരിതനായ ഹിററ്ലർ വിറക്കൊള്ളുന്നതോടൊപ്പം സദസ്സ്യരും വിറകൊള്ളുന്നു. അദ്ദേഹം മുമ്പാകം ആഞ്ഞുവോ—? അവരും മുമ്പാകം ആഞ്ഞു. "ഞാൻ നിങ്ങളുടെ മദ്ധ്യത്തിൽനിന്നു വന്നവനാണു" ഹിററ്ലർ പ്രസംഗിക്കുന്നു: "നാലു കൊല്ലകാലം ഞാൻ നിങ്ങളോടൊപ്പം തോളോടു തോൾ നിന്നു നമ്മുടെ ശത്രുക്കളോടു പടവെട്ടി. ഇപ്പോൾ ഞാനിതാ നിങ്ങളോടു പറയുന്നു—നിങ്ങളുടേതായ ഞാൻ, എൻേറതായ നിങ്ങളോട്—നാം അധിവസിക്കുന്ന ഈ പുണ്യഭൂമിയിൽ നമുക്കുള്ള അവകാശത്തെപ്പോലെ അത്ര പരിശുദ്ധമായ മറെറാരവകാശം ഈ ലോകത്തിലില്ലെന്നു നാം മറക്കാതിരിക്കുക. നമുക്കു ചെയ്യാൻ കഴിയുന്ന എററവും മഹത്തായ ത്യാഗം ഈ പുണ്യഭൂമിക്കുവേണ്ടി നമ്മുടെ വീരരക്തം അൎപ്പിക്കുന്നതാണെന്നും നാം ഒരിക്കലും മറക്കാതിരിക്കുക!"

ആ വമ്പിച്ച സഭാസ്ഥലിയിൽ ഇങ്ങിനെ ഒരു ശബ്ദം മാത്രമേ കേൾക്കൂ. ഒരു 'ഹിയർ ഹിയറ'മില്ല, ഒരു ഹസ്തതാഡനവുമില്ല. പ്രസംഗം അവസാനിക്കുമ്പോഴേക്കും ശ്രോതാക്കളുടെ കവിൾത്തടങ്ങളൊക്കെ നനഞ്ഞിരിക്കും.—അവർ അതു അറിയുകതന്നെയില്ല!

ഹിററ്ലർ അവിവാഹിതനാണെങ്കിലും രാജ്യത്തു വിവാഹത്തെ അദ്ദേഹം പ്രോത്സാഹിപ്പിക്കുന്നു. അതിനുവേണ്ടി സഹായധനങ്ങൾ തന്നേയും ഹിററലരുടെ ഗവൎമ്മേണ്ടു നൽകുന്നു. സംഗീതത്തെയുള്ളിടത്തോളം തന്നെ ഹിററ്ലൎക്കു കുട്ടികളേയും ഇഷ്ടമാണ്. സ്ത്രീകളു സമുദായത്തിലുള്ള സ്ഥാനത്തെക്കുറിച്ചു ഹിററ്ലൎക്കു ചില ഉറച്ച അഭിപ്രായങ്ങളുണ്ടു. ഹിററ്ലരുടെ പാൎലിമെണ്ടിൽ ഒരൊററ സ്ത്രീ മെമ്പർപോലും ഇല്ല. സ്ത്രീകളു സ്ഥാനം ഗൃഹത്തിലാണ്, അവളുടെ ജോലി ഗൃഹഭരണമാണ് എന്നാണ് ഹിററ്ലരുടെ ആദൎശം. അദ്ദേഹം പറയുന്നു: "അനവധി കുട്ടികളുള്ള ഒരു സാധുസ്ത്രീ ഒരു സന്തതിയുമില്ലാത്ത ഒരു ഉൽകൃഷ്ടകുല ജാതയെക്കാൾ മാനനീയയത്രെ."

ഹിററ്ലർ അത്ര സുദൃഢമായ ആരോഗ്യമുള്ളവനല്ല. ജനങ്ങളുടെ ഉച്ചസ്വരത്തിലുള്ള അഭിവാദ്യങ്ങളിൽനിന്നും ഒഴിഞ്ഞുനില്ക്കുവാൻ

858



അദ്ദേഹം വളരെ ആഗ്രഹിക്കുന്നു. അത്തരം ഒരു പുരുഷനാണ്, ഇന്നു ഒരു വീരജനതയുടെ ആരാദ്ധ്യപുരുഷനായിരിക്കുന്നതു. വിയന്നായിലെ തെരുവീഥിയിൽ ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടി തെണ്ടിതിരിഞ്ഞ ആ യുവാവു ഇന്നു ഒരു കൈസറെക്കാളും ഒരു സാറിനെക്കാളും പ്രബലനാണ്. ഒരിക്കൽ വളരെ എളിയവനായിരുന്ന ഈ അവിവാഹിതനു വേണമെങ്കിൽ ഇന്നു യൂറോപ്പിലെ ഏതു രാജകുമാരിയെ വേണമെങ്കിൽ ലഭിക്കും. വായിക്കുമ്പോൾ, അറബിക്കഥകളിലൊന്നാണെന്നുതോന്നും; എന്നാൽ, വാസ്തവത്തിൽ ഇന്നു ചരിത്രം നിർമ്മിച്ചുകൊണ്ടിരിക്കുന്ന പ്രതിഭാശാലിയായ ഒരു പുരുഷന്റെ ജീവചരിത്രമാണിതു്.